78

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE DRUGS AND COSMETICS ACT, 1940

## (Act No. 23 of 1940)

# ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്, 1940

(1940-ലെ 23-ാം നമ്പർ ആക്റ്റ്)

Date

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE DRUGS AND COSMETICS ACT, 1940

(Act No. 23 of 1940)

# ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്ററ്, 1940

(1940–ലെ 23–ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1983

# ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്. 1940
## (1940—ലെ 23-ാം നമ്പർ ആക്റ്റ്)

### വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ :

അദ്ധ്യായം I

പ്രാരംഭികം


1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2. മററു നിയമങ്ങളുടെ ബാധകത തടയപ്പെടുന്നില്ലെന്ന്.
3. നിർവ്വചനങ്ങൾ.
3ക. ജമ്മു–കാഷ്മീർ സ്റ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമത്തേയോ നിലവിലില്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനേയോ കുറിച്ചുള്ള പരാമർശങ്ങളുടെ അർത്ഥകല്പന
4. വിഷപദാർത്ഥങ്ങളെ സംബന്ധിച്ചുള്ള അനുമാനം.


അദ്ധ്യായം II

സാങ്കേതിക ഉപദേശകബോർഡും, കേന്ദ്ര ഔഷധ പരീക്ഷണശാലയും ഔഷധ കൺസൾട്ടേററീവ് കമ്മിററിയും


5. ഔഷധ സാങ്കേതിക ഉപദേശക ബോർഡ്.
6. കേന്ദ്ര ഔഷധ പരീക്ഷണശാല.
7. ഔഷധ ഉപദേശക കമ്മിററി.
7ക. 5-ഉം 7-ഉം വകുപ്പുകൾ ആയുർവേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നുകൾ ബാധകമല്ലെന്ന്.


അദ്ധ്യായം III

ഔഷധങ്ങളുടെ ഇറക്കുമതി


8. ഗുണമാനകങ്ങൾ.
9. തെററായി മുദ്രണം ചെയ്യപ്പെട്ട മരുന്നുകൾ.
9ക. തെററായി മുദ്രണം ചെയ്യപ്പെട്ട സൗന്ദര്യവർദ്ധക വസ്തുക്കൾ.
9ഖ. മായം ചേർത്ത മരുന്നുകൾ.
10. ചില മരുന്നുകളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടേയും ഇറക്കുമതി നിരോധനം.
11. കടൽ കസ്റ്റംസ് സംബന്ധിച്ച നിയമത്തിന്റെ ബാധകതയും കസ്റ്റംസ് ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങളും.
12. ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.
13. കുററങ്ങൾ.
14. കണ്ടുകെട്ടൽ.
15. വിചാരണാധികാരിത.


അദ്ധ്യായം IV

മരുന്നുകളുടേയോ സൗന്ദര്യവർദ്ധക വസ്തുക്കളുടേയോ ഉല്പാദനവും വില്പനയും, വിതരണവും


16. ഗുണമാനകങ്ങൾ.
17. തെററായി മുദ്രണം ചെയ്യപ്പെട്ട മരുന്നുകൾ.
17ക. തെററായി മുദ്രണം ചെയ്യപ്പെട്ട സൗന്ദര്യവർദ്ധക വസ്തുക്കൾ.
17ഖ. മായം ചേർത്ത മരുന്നുകൾ.
18. ചില മരുന്നുകളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടെയും ഉല്പാദനവും വില്പനയും നിരോധിക്കൽ.
18ക. ഉല്പാദകൻെറയും മററും പേരു വെളിപ്പെടുത്തൽ.
19. വാദങ്ങൾ.
20. ഗവൺമെൻറ് അനലിസ്ററുകൾ.
21. ഇൻസ്പെക്ടർമാർ.
22. ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.
23. ഇൻസ്പെക്ടർമാരുടെ നടപടിക്രമം.
24. മരുന്നുകളോ സൗന്ദര്യവർദ്ധക വസ്തുക്കളോ ഉത്പാദിപ്പിക്കുന്നതോ സൂക്ഷിക്കുന്നതോ ആയ സ്ഥലം വെളിപ്പെടുത്തുവാൻ ബാദ്ധ്യസ്ഥരായ ആളുകൾ.
25. ഗവൺമെൻറ് അനലിസ്ററുകളുടെ റിപ്പോർട്ടുകൾ.
26. മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ വാങ്ങിയ ആൾക്ക് പരിശോധനയോ വിശ്ലേഷണമോ ലഭ്യമാക്കിക്കൊടുക്കൽ.
27. ഈ അദ്ധ്യായം ലംഘിച്ചുകൊണ്ടുള്ള മരുന്നുകളുടെ ഉല്പാദനത്തിനും വില്പനയ്ക്കും മററുമുള്ള ശിക്ഷ.
27ക. ഈ അദ്ധ്യായം ലംഘിച്ചുകൊണ്ടുള്ള സൗന്ദര്യവർദ്ധക വസ്തുക്കളുടെ ഉല്പാദനത്തിനും വിൽപ്പനയ്ക്കും മററുമുള്ള ശിക്ഷ.
28. ഉല്പാദകൻെറ പേരും മററും വെളിപ്പെടുത്താത്തതിനുള്ള ശിക്ഷ
29. ഗവൺമെൻറ് അനലിസ്ററിൻെറ റിപ്പോർട്ട് പരസ്യത്തിന് ഉപയോഗിച്ചാലുള്ള ശിക്ഷ


3/2854/V.

വകുപ്പുകൾ:

30. വീണ്ടും ചെയ്യുന്ന കുററങ്ങൾക്കുള്ള ശിക്ഷ.
31. കണ്ടുകെട്ടൽ.
31ക. ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകൾക്ക് വ്യവസ്ഥകൾ ബാധകമാക്കൽ
32. കുററങ്ങൾ വിചാരണയ്ക്കെടുക്കൽ.
32ക. ഉല്പാദകനെയും മററും കക്ഷിചേർക്കാൻ കോടതിക്കുള്ള അധികാരം.
33. ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.
33ക. ആയുർവേദ (സിദ്ധ ഉൾപ്പെടെ) അല്ലെങ്കിൽ യൂനാനി മരുന്നുകൾക്ക് ഈ അദ്ധ്യായം ബാധകമായിരിക്കുന്നതല്ലെന്ന്.


അദ്ധ്യായം IV ക

## ആയുർവേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകൾ സംബന്ധിച്ചുള്ള വ്യവസ്ഥകൾ


33ഖ. അദ്ധ്യായം IV ഖ യുടെ ബാധകത.
33ഗ. ആയുർവേദ മരുന്നുകളുടെയും യൂനാനി മരുന്നുകളുടെയും സാങ്കേതിക ഉപദേശകബോർഡ്.
33ഘ. ആയുർവേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകളുടെ വില്പനയ്ക്കു വേണ്ടിയുള്ള ഉല്പാദനത്തിൻെറ നിരോധനം.
33ങ. ആയുർവേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകളുടെയും വില്പനയിലും മററുമുള്ള നിയന്ത്രണം.
33ച. ഗവൺമെൻറ് അനലിസ്ററുകൾ.
33ഛ. ഇൻസ്പെക്ടർമാർ.
33ജ. 22-ഉം, 23-ഉം, 24-ഉം, 25-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാക്കൽ.
33ഝ. ഈ അദ്ധ്യായം ലംഘിച്ചുകൊണ്ടുള്ള ആയുർവേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകളുടെ ഉല്പാദനത്തിനും വില്പനയ്ക്കും മററും ഉള്ള ശിക്ഷ.
33ഞ. വീണ്ടും ചെയ്യുന്ന കുററങ്ങൾക്കുള്ള ശിക്ഷ.
33ട. കണ്ടുകെട്ടൽ.
33ഠ. ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകൾക്ക് വ്യവസ്ഥകൾ ബാധകമാക്കൽ.
33ഡ. കുററങ്ങൾ വിചാരണയ്ക്കെടുക്കൽ.
33ഢ. കേന്ദ്ര ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.
33ണ. ഒന്നാം പട്ടിക ഭേദഗതി ചെയ്യാനുള്ള അധികാരം.


അദ്ധ്യായം V

## പലവക


33ത. നിദേശങ്ങൾ നൽകാനുള്ള അധികാരം.
34. കമ്പനികളാലുള്ള കുററങ്ങൾ.
34ക. ഗവൺമെൻറു ഡിപ്പാർട്ടുമെൻറുകളാലുള്ള കുററങ്ങൾ.
35. ഈ ആക്ററിൻകീഴിൽ നല്കപ്പെട്ടിട്ടുള്ള ശിക്ഷാവിധികളുടെ പ്രസിദ്ധീകരണം.
36. വർദ്ധിത ശിക്ഷകൾ നൽകുന്നതിന് മജിസ്ട്രേട്ടിനുള്ള അധികാരം.
37. ഉത്തമവിശ്വാസത്തോടുകൂടി എടുത്തിട്ടുള്ള നടപടിക്ക് സംരക്ഷണം.
38. ചട്ടങ്ങൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.

പട്ടിക

ഒന്നാം പട്ടിക.

രണ്ടാം പട്ടിക.

# ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്, 1940

(1940-ലെ 23-ാം നമ്പർ ആക്റ്റ്)

[1940 ഏപ്രിൽ, 10]

ഔഷധങ്ങളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടേയും ഇറക്കുമതിയും, നിർമ്മാണവും വിതരണവും, വില്പനയും ക്രമപ്പെടുത്തുന്നതിനുള്ള ഒരു ആക്റ്റ്.

ഔഷധങ്ങളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടേയും ഇറക്കുമതിയും നിർമ്മാണവും വിതരണവും വില്പനയും ക്രമപ്പെടുത്തുന്നത് സമീചീനമായിരിക്കുന്നതിനാലും ;

ഇൻഡ്യാ ഗവൺമെന്റ് ആക്റ്റ്, 1935, 103-ാം വകുപ്പിന് അനുസരണമായി, മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം പട്ടിക. II-ാം ലിസ്റ്റിൽ എണ്ണിപ്പറയുന്ന മുൻപറഞ്ഞ വിഷയങ്ങളും അതിന് ആനുഷംഗികമായ വിഷയങ്ങളും സംബന്ധിച്ച് എല്ലാ സ്റ്റേറ്റുകളിലേയും നിയമനിർമ്മാണ മണ്ഡലങ്ങൾ നിശ്ചയങ്ങൾ പാസ്സാക്കിയിരിക്കുന്നതിനാലും ;

ഇതിനാൽ താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

## അദ്ധ്യായം I

## പ്രാരംഭികം

1. (1) ഈ ആക്റ്റിന് ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്, 1940 എന്നു പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് ഉടനടി, പ്രാബല്യത്തിൽ വരുന്നതാണ്, എന്നാൽ III-ാം അദ്ധ്യായം, കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഇതിലേക്ക് നിശ്ചയിക്കാവുന്ന തീയതി മുതലും, IV-ാം അദ്ധ്യായം ഒരു പ്രത്യേക സ്റ്റേററിൽ, സ്റ്റേററ് ഗവൺമെന്റ് അതുപോലുള്ള വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതലും മാത്രം പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ, ജമ്മു-കാഷ്മീർ സ്റ്റേററ് സംബന്ധിച്ച്, III-ാം അദ്ധ്യായം, മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും (ഭേദഗതി) ആക്റ്റ്, 1972, പ്രാബല്യത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതൽ മാത്രം പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിലെ വ്യവസ്ഥകൾ അപകടകരമായ മരുന്നുകൾ ആക്റ്റ്, 1930-നും തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിനും പുറമേയുള്ളതും, അവയ്ക്ക് ന്യൂനത വരുത്തുന്നതല്ലാത്തതുമായിരിക്കുന്നതാകുന്നു. മററു നിയമങ്ങളുടെ ബാധകത തടയപ്പെടുന്നില്ലെന്ന്. 1930-ലെ 2.

3. ഈ ആക്റ്റിൽ, സന്ദർഭത്തിലോ വിഷയത്തിലോ വിരുദ്ധമായി എന്തെങ്കിലുമില്ലാത്തപക്ഷം— നിർവ്വചനങ്ങൾ.

(ക) "ആയൂർവേദ (സിദ്ധ ഉൾപ്പെടെ) അല്ലെങ്കിൽ യൂനാനി മരുന്ന്" എന്നതിൽ ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ആയൂർവേദവും (സിദ്ധ ഉൾപ്പെടെ) യൂനാനി (ടിന്യ) ഔഷധ സമ്പ്രദായങ്ങൾ സംബന്ധിച്ച ആധികാരിക ഗ്രന്ഥങ്ങളിൽ, മനുഷ്യരിലുള്ള രോഗനിർണ്ണയത്തിനോ, ചികിൽസക്കോ, രോഗശമനത്തിനോ, രോഗപ്രതിരോധത്തിനോ, വേണ്ടിയോ അതിലോ, ആന്തരികമായോ ബാഹ്യമായോ ഉപയോഗിക്കാൻ ഉദ്ദേശിച്ചു പറയുന്നതും ആ ഗ്രന്ഥങ്ങളിൽ ഇനം തിരിച്ചു പറയുന്ന വിധിയനുസരിച്ചുമാത്രം സംസ്കരിക്കുന്നതും നിർമ്മിക്കുന്നതുമായ എല്ലാ ഔഷധങ്ങളും ഉൾപ്പെടുന്നു.

(കക) "ബോർഡ്" എന്നാൽ—

(i) ആയൂർവേദമോ (സിദ്ധ ഉൾപ്പെടെ) അല്ലെങ്കിൽ യൂനാനിയോ മരുന്നു സംബന്ധിച്ച് 33-ഗ വകുപ്പിൻകീഴിൽ രൂപവത്കരിക്കുന്ന ആയൂർവേദ-യൂനാനി ഔഷധ സാങ്കേതിക ഉപദേശകബോർഡ് എന്നും ;

(ii) മറേറതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ച് 5-ാം വകുപ്പിൻകീഴിൽ രൂപവത്കരിക്കുന്ന ഔഷധ സാങ്കേതിക ഉപദേശകബോർഡ് എന്നും ;

അർത്ഥമാകുന്നു.

(കകക) "സൗന്ദര്യവർദ്ധകവസ്തു" എന്നാൽ, മനുഷ്യശരീരത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ, വെടിപ്പാക്കുന്നതിനോ, സുന്ദരമാക്കുന്നതിനോ ആകർഷകത വർദ്ധിപ്പിക്കുന്നതിനോ ഭാവഭേദപ്പെടുത്തുന്നതിനോവേണ്ടി, തിരുമാനോ, ഒഴിക്കാനോ, തളിക്കാനോ, തൂവാനോ അല്ലെങ്കിൽ ഉള്ളിൽ കഴിക്കാനോ മററുവിധത്തിൽ ഉപയോഗിക്കാനോ ഉദ്ദേശിക്കപ്പെടുന്ന ഏതെങ്കിലും സാധനം എന്ന് അർത്ഥമാകുന്നതും അതിൽ സൗന്ദര്യവർദ്ധകത്തിന്റെ ഒരു ഘടകമായി ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെടുന്ന ഏതെങ്കിലും സാധനം ഉൾപ്പെടുന്നതും, എന്നാൽ അതിൽ സോപ്പ് ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(ഖ) "ഔഷധം" എന്നതിൽ

(i) മനുഷ്യർക്കോ മൃഗങ്ങൾക്കോ ആന്തരികമായോ ബാഹ്യമായോ ഉപയോഗിക്കുന്നതിനുള്ള എല്ലാ ഔഷധങ്ങളും, മനുഷ്യരിലോ മൃഗങ്ങളിലോ ഉള്ള രോഗനിർണ്ണയത്തിനോ, ചികിൽസക്കോ, രോഗശമനത്തിനോ രോഗപ്രതിരോധത്തിനോ വേണ്ടിയോ അവയിലോ ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ പദാർത്ഥങ്ങളും;

(ii) മനുഷ്യശരീരത്തിന്റെ ഘടനയെയോ അതിന്റെ ഏതെങ്കിലും പ്രവർത്തനത്തെയോ ബാധിക്കുന്നതിനുദ്ദേശിക്കപ്പെടുന്നതോ അല്ലെങ്കിൽ മനുഷ്യരിലോ മൃഗങ്ങളിലോ രോഗം ഉണ്ടാക്കുന്ന കീടങ്ങളുടേയോ പ്രാണികളുടേയോ നശീകരണത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിക്കപ്പെടുന്നതോ ആയി കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി അപ്പപ്പോൾ വിനിർദ്ദേശിക്കാവുന്ന, (ഭക്ഷ്യസാധനമല്ലാത്ത) പദാർത്ഥങ്ങളും;

ഉൾപ്പെടുന്നു.

(ഗ) "ഗവൺമെന്റ് അനലിസ്ററ്" എന്നാൽ—

(i) ആയൂർവേദം (സിദ്ധ ഉൾപ്പെടെ) അല്ലെങ്കിൽ, യൂനാനി മരുന്നു സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റോ സ്റേററ് ഗവൺമെന്റോ. 33ച വകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ഒരു ഗവൺമെന്റ് അനലിസ്ററ് എന്നും;

(ii) മറേറതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റോ സ്റേററ് ഗവൺമെന്റോ 20-ാം വകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള ഒരു ഗവൺമെന്റ് അനലിസ്ററ് എന്നും;

അർത്ഥമാകുന്നു;

( * * * * * * )

(ങ) "ഇൻസ്പെക്ടർ" എന്നാൽ—

(i) ആയൂർവേദ (സിദ്ധഉൾപ്പെടെ) അല്ലെങ്കിൽ യൂനാനി മരുന്ന് സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റോ സ്റേററ് ഗവൺമെന്റോ 33 ഛ വകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർ എന്നും;

(ii) മറേറതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ച്, കേന്ദ്രഗവൺമെന്റോ സ്റേററ് ഗവൺമെന്റ് 21-ാം വകുപ്പിൻ കീഴിൽ നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർ എന്നും;

അർത്ഥമാകുന്നു.

(ച) "ഉൽപ്പാദനം" എന്നതിൽ, ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ച്, ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ അതിന്റെ വിൽപനയും വിതരണവും ലക്ഷ്യമാക്കി, നിർമ്മിക്കുന്നതിനോ, വ്യത്യാസപ്പെടുത്തുന്നതിനോ, മോടിപിടിപ്പിക്കുന്നതിനോ, മിനുക്കുപണി നടത്തുന്നതിനോ പാക്ക് ചെയ്യുന്നതിനോ, ലേബൽ ചെയ്യുന്നതിനോ, പൊളിച്ചെടുക്കുന്നതിനോ, മററുവിധത്തിൽ കൈകാര്യം ചെയ്യുന്നതിനോ സ്വീകരിക്കുന്നതിനോ ഉള്ള ഏതെങ്കിലും പ്രക്രിയയോ, പ്രക്രിയയുടെ ഭാഗമോ ഉൾപ്പെടുന്നതും, എന്നാൽ അതിൽ ചില്ലറ വ്യാപാരത്തിന്റെ സാധാരണ ഗതിയിലുള്ള ഏതെങ്കിലും മരുന്നിന്റെ സമ്മിശ്രണമോ വിതരണമോ അല്ലെങ്കിൽ ഏതെങ്കിലും മരുന്നിന്റേയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ പാക്ക്ചെയ്യലോ ഉൾപ്പെടുന്നതല്ലാത്തതും, "നിർമ്മിക്കുക" എന്നതിന് തദനുസരണം അർത്ഥം കല്പിക്കപ്പെടേണ്ടതുമാകുന്നു;

(ഛ) "ഇറക്കുമതി" എന്നതിന്ന് അതിന്റെ വ്യാകരണ സംബന്ധമായ രൂപഭേദങ്ങളോടും സജാതീയപദങ്ങളോടുംകൂടി "ഇൻഡ്യയിലേക്കു കൊണ്ടുവരിക" എന്നർത്ഥമാകുന്നു.

(ജ) "നിർമ്മാണാവകാശക്കുത്തകയോ ഉടമസ്ഥതയോ ഉള്ള ഔഷധം" എന്നാൽ മനുഷ്യർക്കും മൃഗങ്ങൾക്കും ആന്തരികമായോ ബാഹ്യമായോ ഉപയോഗിക്കുന്നതിന് തയ്യാറാക്കിയ രൂപത്തിലുള്ള പ്രതിവിധിയോ ഔഷധവിധിയോ ആയതും തൽസമയം പ്രാബല്യത്തിലുള്ള ഇൻഡ്യൻ ഫാർമാകോപ്യയുടെ പതിപ്പിലോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ബോർഡുമായി ആലോചിച്ചശേഷം ഇതിലേക്ക് പ്രാധികാരപ്പെടുത്തിയ മറേറതെങ്കിലും ഫാർമകോപ്യയിലോ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ ഒരു മരുന്ന് എന്നർത്ഥമാകുന്നു.

(ഝ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു.

ജമ്മു-കാഷ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമത്തേയോ നിലവിലില്ലാത്ത ഏതെങ്കിലും കാര്യനിർവ്വാഹകനേയോ കുറിച്ചുള്ള പരാമർശങ്ങളുടെ അർത്ഥകല്പന.

3ക. ജമ്മു-കാഷ്മീർ സ്റേററിൽ പ്രാബല്യത്തിൽ ഇല്ലാത്ത ഏതെങ്കിലും നിയമം സംബന്ധിച്ചോ നിലവിലില്ലാത്ത ഏതെങ്കിലും കാര്യനിർവ്വാഹകനെ സംബന്ധിച്ചോ ഈ ആക്ററിലുള്ള ഏതെങ്കിലും പരാമർശത്തിന് ആ സ്റേററിനെ സംബന്ധിച്ചിടത്തോളം, ആ സ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമത്തേയോ നിലവിലുള്ള തൽസ്ഥാനീയ ഉദ്യോഗസ്ഥനേയോ സംബന്ധിച്ച ഒരു പരാമർശമായി അർത്ഥം കല്പിക്കപ്പെടേണ്ടതാകുന്നു.

4. അദ്ധ്യായം III-ന്റേയോ, അദ്ധ്യായം IV-ന്റേയോ, അദ്ധ്യായം IVക-യുടേയോ കീഴിൽ ഉണ്ടാക്കിയ ചട്ടത്തിൽ വിഷലിപ്തമെന്ന് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും പദാർത്ഥത്തെ അതതുസംഗതിപോലെ, അദ്ധ്യായം III-ന്റേയോ, അദ്ധ്യായം IV-ന്റേയോ, അദ്ധ്യായം IVക-യുടേയോ ആവശ്യങ്ങൾക്ക് വിഷലിപ്ത പദാർത്ഥമെന്ന് കരുതേണ്ടതാകുന്നു. — വിഷപദാർത്ഥങ്ങളെ സംബന്ധിച്ചുള്ള അനുമാനം.

## അദ്ധ്യായം II

## ഔഷധ സാങ്കേതിക ഉപദേശകബോർഡും കേന്ദ്ര ഔഷധപരീക്ഷണനശാലയും ഔഷധ കൺസൽട്ടേറ്റീവ് കമ്മിററിയും

5. കേന്ദ്ര ഗവൺമെൻറ്, ആകുന്നത്രവേഗത്തിൽ, ഔഷധ സാങ്കേതിക ഉപദേശക ബോർഡ് എന്ന് വിളിക്കുന്ന ഒരു ബോർഡ്, ഈ ആക്ററിൻെറ പ്രശാസനത്തിൽ നിന്നുളവാകുന്ന സാങ്കേതിക വിഷയങ്ങളിൽ കേന്ദ്ര ഗവൺമെൻറിനേയും സ്റേററ് ഗവൺമെൻറിനേയും ഉപദേശിക്കാനും, ബോർഡിന് ഈ ആക്ററുമുഖേന ഏൽപ്പിച്ചു കൊടുക്കുന്ന മററു ചുമതലകൾ നിർവ്വഹിക്കാനുംവേണ്ടി, രൂപവൽക്കരിക്കേണ്ടതാകുന്നു. — ഔഷധ സാങ്കേതിക ഉപദേശക ബോർഡ്.

(2) ആ ബോർഡിൽ താഴെപറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്, അതായത്:—

(i) ഹെൽത്ത് സർവ്വീസസ് ഡയറക്ററർ ജനറൽ, എക്സ്ഒഫിഷ്യോ, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്.

(ii) ഡ്രഗ്സ് കൺട്രോളർ, ഇൻഡ്യാ, എക്സ് ഒഫിഷ്യോ;

(iii) ഡയറക്ടർ, കേന്ദ്ര-ഔഷധപരീക്ഷണശാല കൽക്കട്ട, എക്സ് ഒഫിഷ്യോ;

(iv) ഡയറക്ടർ, സെൻട്രൽ റിസർച്ച് ഇൻസ്ററിട്യൂട്ട്, കശൗലി, എക്സ് ഒഫിഷ്യോ;

(v) ഡയറക്ടർ, ഇൻഡ്യൻ വെററിനറി റിസർച്ച് ഇൻററിററ്യൂട്ട്, ഇസത്നഗർ, എക്സ് ഒഫിഷ്യോ;

(vi) പ്രസിഡൻറ്, ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ എക്സ് ഒഫിഷ്യോ;

(vii) പ്രസിഡൻറ് ഇൻഡ്യൻ ഫാർമസി കൗൺസിൽ എക്സ് ഒഫിഷ്യോ;

(viii) ഡയറക്ടർ, സെൻട്രൽ ഡ്രഗ്സ്റിസർച്ച് ഇൻസ്ററിട്യൂട്ട്, ലക്നൗ, എക്സ് ഒഫിഷ്യോ;

(ix) സംസ്ഥാനങ്ങളിൽ ഔഷധനിയന്ത്രണത്തിൻെറ ചുമതലയുള്ള ആളുകളുടെ ഇടയിൽനിന്നും കേന്ദ്ര ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട രണ്ട് ആളുകൾ;

(x) ഒരു ഇൻഡ്യൻ സർവ്വകലാശാലയിലെയോ അല്ലെങ്കിൽ അതിനോട് അഫിലിയേററ് ചെയ്തിട്ടുള്ള ഒരു കാളേജിലെയോ ഉദ്യോഗസ്ഥാംഗങ്ങളിൽനിന്നുമുള്ള ഫാർമസിയൊ, ഫാർമസ്യൂട്ടിക്കൽ കെമസ്ട്രറിയോ, ഫാർമാകോഗ്നസിയോ അദ്ധ്യാപകരുടെ ഇടയിൽനിന്നും ഇൻഡ്യൻ ഫാർമസികൗൺസിലിൻെറ എക്സിക്യൂട്ടീവ് കമ്മിററി തിരഞ്ഞെടുത്തയയ്ക്കേണ്ട ഒരാൾ;

(xi) ഒരു ഇൻഡ്യൻ സർവ്വകലാശാലയിലെയോ അല്ലെങ്കിൽ അതിനോട് അഫിലിയേററ് ചെയ്തിട്ടുള്ള ഒരു കാളേജിലെയോ ഉദ്യോഗസ്ഥാംഗങ്ങളിൽനിന്നുമുള്ള മെഡിസിനോ, തിറാപ്യൂററിക്സോ അദ്ധ്യാപകരുടെ ഇടയിൽനിന്നും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൻെറ എക്സിക്യൂട്ടീവ് കമ്മിററി തിരഞ്ഞെടുക്കുന്ന ഒരാൾ;

(xii) കേന്ദ്രഗവൺമെൻറ്, ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിൽനിന്ന് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(xiii) ഇൻഡ്യൻ മെഡിക്കൽ റിസർച്ച് കൗൺസിലിൻെറ ഭരണസമിതി തിരഞ്ഞെടുക്കുന്ന ഒരു ഫാർമാകാളേജിസ്ററ്;

(xiv) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻെറ സെൻട്രൽ കൗൺസിൽ തിരഞ്ഞെടുക്കുന്ന ഒരാൾ;

(xv) ഇൻഡ്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻെറ കൗൺസിൽ തിരഞ്ഞെടുക്കുന്ന ഒരാൾ;

(xvi) കേന്ദ്ര ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട, ഈ ആക്ററ് പ്രകാരം ഗവൺമെൻറ് അനലിസ്ററെന്ന ഉദ്യോഗംവഹിക്കുന്ന രണ്ട് ആളുകൾ.

(3) ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളതും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതുമായ അംഗങ്ങൾ മൂന്നുവർഷത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്, എന്നാൽ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനും വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിനും അവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, അതതുസംഗതിപോലെ, (2)-ാം ഉപവകുപ്പ് (ix)-ാം ഖണ്ഡത്തിൻെറയോ (x)-ാം ഖണ്ഡത്തിൻെറയോ (xi)-ാം ഖണ്ഡത്തിൻെറയോ (xvi)-ാം ഖണ്ഡത്തിൻെറയോ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തിരഞ്ഞെടുക്കപ്പെട്ടതോ ആയ ആൾ, ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്തത് ഏതു ഉദ്യോഗത്തിൻെറ ബലത്തിലാണോ ആ ഉദ്യോഗത്തിലുള്ള നിയമനത്തിൽ തുടരുന്നിടത്തോളം, ഉദ്യോഗം വഹിക്കുന്നതാകുന്നു.

(4) ബോർഡിന്, കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തിനുവിധേയമായി ഒരു കോറം നിശ്ചയിക്കുന്നതിനും അതിൻെറ സ്വന്തം നടപടിക്രമങ്ങളും അത് കൈകാര്യം ചെയ്യേണ്ട എല്ലാ കാര്യങ്ങളുടെയും നടത്തിപ്പും ക്രമപ്പെടുത്തുന്നതിനും ഉപനിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(5) ബോർഡിന്, സബ്കമ്മിററികൾ സംഘടിപ്പിക്കാവുന്നതും, അങ്ങനെയുള്ള സബ്കമ്മിററികളിലേക്ക് ബോർഡ് നിശ്ചയിക്കാവുന്ന മൂന്നുവർഷത്തിൽ കവിയാത്ത കാലയളവുകൾക്കോ താൽക്കാലികമായോ, പ്രത്യേകസംഗതികൾ പരിഗണിക്കുന്നതിനുവേണ്ടി, ബോർഡംഗങ്ങളല്ലാത്ത ആളുകളെ നിയമിക്കാവുന്നതുമാകുന്നു.

(6) ബോർഡിൽ ഒഴിവുണ്ടെങ്കിൽത്തന്നെയും, ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കപ്പെടാവുന്നതാണ്.

(7) കേന്ദ്ര ഗവൺമെന്റ് ബോർഡിന്റെ സെക്രട്ടറിയായി ഒരാളെ നിയമിക്കേണ്ടതും; കേന്ദ്ര ഗവൺമെന്റിന് ആവശ്യകമെന്നുതോന്നുന്ന ക്ലെറിക്കലും മററും ആയ ഉദ്യോഗസ്ഥാംഗങ്ങളെയും ബോർഡിന് ലഭ്യമാക്കേണ്ടതുമാണ്.

**കേന്ദ്ര ഔഷധ പരീക്ഷണശാല**

6. കേന്ദ്ര ഗവൺമെന്റ് ആകുന്നത്രവേഗത്തിൽ, കേന്ദ്ര ഗവൺമെന്റ് നിയമിക്കുന്ന ഒരു ഡയറക്ടറുടെ നിയന്ത്രണത്തിൻകീഴിൽ ഒരു കേന്ദ്ര ഔഷധപരീക്ഷണശാല ഈ ആക്ററിനാലോ ഈ അദ്ധ്യായത്തിൻകീഴിലുണ്ടാകുന്ന ഏതെങ്കിലും ചട്ടങ്ങളാലോ, അതിനെ ഭാരമേൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സ്ഥാപിക്കേണ്ടതാണ്:

എന്നാൽ കേന്ദ്ര ഗവൺമെന്റ് അപ്രകാരം നിർണ്ണയിക്കുന്നപക്ഷം, ഏതെങ്കിലും മരുന്നോ മരുന്നുകളുടെ വിഭാഗമോ അല്ലെങ്കിൽ ഏതെങ്കിലും സൗന്ദര്യവർദ്ധക വസ്തുവോ സൗന്ദര്യവർദ്ധകവസ്തുക്കളുടെ വിഭാഗമോ സംബന്ധിച്ചുള്ള കേന്ദ്ര ഔഷധപരീക്ഷണശാലയുടെ ചുമതലകൾ കശൗലിയിലുള്ള കേന്ദ്രറിസർച്ച് ഇൻസ്ററിട്യൂട്ടിലോ, അല്ലെങ്കിൽ മറേറതെങ്കിലും നിർണ്ണയിക്കപ്പെട്ട പരീക്ഷണശാലയിലോ നടത്തേണ്ടതും അങ്ങനെയുള്ള മരുന്നോ മരുന്നുകളുടെ വിഭാഗമോ മരുന്നുകളോ അല്ലെങ്കിൽ അങ്ങനെയുള്ള സൗന്ദര്യവർദ്ധകവസ്തുവോ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിഭാഗമോ സംബന്ധിച്ചുള്ള കേന്ദ്ര ഡ്രഗ്സ് ലബോറട്ടറി ഡയറക്ടരുടെ ചുമതലകൾ, അതതുസംഗതിപോലെ, ആ ഇൻസ്ററിട്യൂട്ടിലെയോ മററു പരീക്ഷണശാലയിലെയോ ഡയറക്ടർ നിർവ്വഹിക്കേണ്ടതുമാണ്.

(2) കേന്ദ്ര ഗവൺമെന്റ് ബോർഡുമായി ആലോചിച്ചശേഷം താഴെപറയുന്നവ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.—

(ക) കേന്ദ്ര ഔഷധപരീക്ഷണശാലയുടെ ചുമതലകൾ;

(ഖ) യും (ഗ) യും 1955-ലെ XI-ം ആക്ററിനാൽ വിട്ടുകളഞ്ഞു.

(ഘ) iv-ം അദ്ധ്യായത്തിന്റേയോ iv ക അദ്ധ്യായത്തിന്റേയോ കീഴിൽ മേൽപ്പറഞ്ഞ പരീക്ഷണശാലയിലേക്ക് മരുന്നുകളുടെയോ സൗന്ദര്യവർദ്ധക വസ്തുക്കളുടേയോ സാമ്പിളുകൾ വിശകലനത്തിനോ പരീക്ഷണത്തിനോ ആയി സമർപ്പിക്കുന്നതിനുള്ള നടപടിക്രമവും പരീക്ഷണശാലയുടെ അതിൻമേലുള്ള റിപ്പോർട്ടുകളുടെ ഫാറങ്ങളും അങ്ങനെയുള്ള റിപ്പോർട്ടുകൾ സംബന്ധിച്ച് നൽകേണ്ട ഫീസും;

(ങ) മേൽപ്പറഞ്ഞ പരീക്ഷണശാലയെ, അതിന്റെ ചുമതലകൾ നിർവ്വഹിക്കാൻ പ്രാപ്തമാക്കുന്നതിന് ആവശ്യകമോ സമീചീനമോ ആയ മററു വിഷയങ്ങൾ;

(ച) (1)-ം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയുടെ ആവശ്യങ്ങൾക്ക് നിർണ്ണയിക്കേണ്ട വിഷയങ്ങൾ.

**ഔഷധ കൺസൾട്ടേററീവ് കമ്മിററി.**

7. (1) ഈ ആക്ററിന്റെ പ്രശാസനത്തിൽ ഇൻഡ്യ ഒട്ടാകെ ഐകരൂപ്യം വരുത്താൻ ഇടയാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനെയും സ്റേററ് ഗവൺമെന്റുകളെയും ഔഷധ സാങ്കേതിക ഉപദേശക ബോർഡിനെയും ഏതെങ്കിലും വിഷയത്തിൽ ഉപദേശിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് "ഔഷധ കൺസൾട്ടേററീവ് കമ്മിററി" എന്ന് വിളിക്കുന്ന ഒരു ഉപദേശകകമ്മിററി രൂപവൽക്കരിക്കാവുന്നതാണ്.

(2) ഡ്രഗ്സ് കൺസൾട്ടേററീവ് കമ്മിററിയിൽ കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന അതിന്റെ രണ്ടു പ്രതിനിധികളും ബന്ധപ്പെട്ട സ്റേററ് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ സ്റേററ് ഗവൺമെന്റ് പ്രതിനിധിയും അടങ്ങിയിരിക്കേണ്ടതാണ്.

(3) കേന്ദ്ര ഗവൺമെന്റ്, ആവശ്യപ്പെടുമ്പോൾ ഔഷധ കൺസൾട്ടേററീവ് കമ്മിററി കൂടേണ്ടതും, കമ്മിററിയ്ക്ക് അതിന്റെ നടപടിക്രമങ്ങൾ ക്രമപ്പെടുത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

**5-ം 7-ം വകുപ്പുകൾ ആയുർവേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നുകൾക്ക് ബാധകമല്ലെന്ന്.**

7 ക. 5-ം 7-ം വകുപ്പുകളിലടങ്ങിയിട്ടുള്ള യാതൊന്നും ആയുർവേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നുകൾക്ക് ബാധകമായിരിക്കുന്നതല്ല.

## അദ്ധ്യായം III
## മരുന്നുകളുടെ ഇറക്കുമതി

**ഗുണമാനകങ്ങൾ**

8. (1) ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, "ഗുണമാനകം" എന്ന പ്രയോഗത്തിന്—

(ക) ഒരു മരുന്നു സംബന്ധിച്ച്, ആ മരുന്ന് രണ്ടാം പട്ടികയിൽ കൊടുത്തിട്ടുള്ള നിലവാരം പുലർത്തുന്നതാണെന്നും ;

(ഖ) സൗന്ദര്യവർദ്ധക വസ്തു സംബന്ധിച്ച്, ആ സൗന്ദര്യവർദ്ധക വസ്തു നിർണ്ണയിക്കപ്പെടാവുന്ന നിലവാരം പുലർത്തുന്നതാണെന്നും അർത്ഥമാകുന്നു.

(2) കേന്ദ്ര ഗവൺമെന്റ്, ബോർഡുമായി ആലോചിച്ചശേഷവും അതിന് അപ്രകാരം ചെയ്യുവാനുള്ള ഉദ്ദേശം സംബന്ധിച്ച് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി മൂന്നുമാസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകിയശേഷവും, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് അതുപോലുള്ള ഒരു വിജ്ഞാപനംവഴി രണ്ടാം പട്ടികയിൽ കൂട്ടിച്ചേർക്കുകയോ മററുവിധത്തിൽ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും, അതോടെ, അതനുസരിച്ച് രണ്ടാം പട്ടിക ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

9. ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് ഒരു മരുന്ന്:— തെററായി മുദ്രണം ചെയ്യപ്പെട്ട മരുന്നുകൾ.

(ക) അതിന്റെ യഥാർത്ഥസ്വഭാവവും അതിന് അങ്ങനെയുള്ള മററു മരുന്നുമായുള്ള സാദൃശ്യമില്ലായ്മയും വെളിപ്പെടുത്തത്തക്കവണ്ണം അത് വ്യക്തമായും ശ്രദ്ധേയമായും അടയാളപ്പെടുത്താതെ അത് മറെറാരു മരുന്നിന്റെ അനുകരണമോ പകരമായുള്ളതോ കബളിപ്പിക്കാൻ ഇടയാക്കുന്നരീതിയിൽസാദൃശ്യമുള്ളതോ ആയിരിക്കുകയോ അല്ലെങ്കിൽ ആ മരുന്നിൻമേലോ അതിന്റെ ലേബലിലോ പാത്രത്തിൻമേലോ മറെറാരു മരുന്നിന്റെ പേര് ഉണ്ടായിരിക്കുകയോ, ചെയ്യുന്നെങ്കിലോ;

(ഖ) അത് ഒരു സ്ഥലത്തിന്റെയോ രാജ്യത്തിന്റെയോ യഥാർത്ഥ ഉൽപ്പന്നമല്ലാതിരിക്കെ അവിടത്തെ ഉൽപ്പന്നമായി കരുതുന്നുവെങ്കിലോ;

(ഗ) അത്, മറെറാരു മരുന്നിന്റെ പേരിൽ ഇറക്കുമതി ചെയ്യുന്നുവെങ്കിലോ;

(ഘ) അതിന്റെ കേട് മറച്ചുവയ്ക്കത്തക്കവിധം അതിന് നിറം കൊടുക്കുകയോ, പൂശുകയോ പൊടിയാക്കുകയോ മിനുസപ്പെടുത്തുകയോ ചെയ്യുന്നുവെങ്കിലോ; അല്ലെങ്കിൽ യഥാർത്ഥത്തിൽ രോഗശമനത്തിന് അതിനുള്ള മൂല്യത്തെക്കാൾ മെച്ചമോ മഹത്തരമോ ആയ മൂല്യം ഉണ്ടെന്നു തോന്നിക്കുന്നെങ്കിലോ;

(ങ) അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ ലേബൽ ചെയ്യാതിരിക്കുന്നെങ്കിലോ;

(ച) മരുന്നിന്റെ ലേബലിലോ അതുൾക്കൊള്ളുന്ന പാത്രത്തിലോ, മരുന്നിനോടൊന്നിച്ചുള്ള ഏതിലെങ്കിലുമോ, ഏതെങ്കിലും വ്യാജമായ അവകാശം പുറപ്പെടുവിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും സംഗതിയിൽ വ്യാജമായതോ തെററിദ്ധരിപ്പിക്കുന്നതോ, ആയ പ്രസ്താവനയോ രൂപമാതൃകയോ അടയാളമോ വഹിക്കുകയോ ചെയ്യുന്നെങ്കിലോ;

(ഛ) ലേബലിലോ മരുന്നുൾക്കൊള്ളുന്ന പാത്രത്തിലോ മരുന്നിന്റെ നിർമ്മാതാവോ ഉൽപ്പാദകനോ ആണെന്ന് കരുതപ്പെടുന്ന ഒരു വ്യക്തിയുടെയോ കമ്പനിയുടെയോ പേരുണ്ടായിരിക്കുകയോ; ആ വ്യക്തിയോ കമ്പനിയോ കൽപ്പിതമോ നിലവിലില്ലാത്തതോ ആയിരിക്കുകയോ ചെയ്യുകയാണെങ്കിലോ;

തെററായി മുദ്രണം ചെയ്തതായി കരുതപ്പെടുന്നതാണ്.

9ക. ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് ഒരു സൗന്ദര്യവർദ്ധകവസ്തു— തെററായി മുദ്രണം ചെയ്യപ്പെട്ട സൗന്ദര്യവർദ്ധകവസ്തുക്കൾ.

(ക) അത്, മറെറാരു സൗന്ദര്യവർദ്ധകവസ്തുവിന്റെ അനുകരണമോ അതിനു പകരമായുള്ളതോ കബളിപ്പിക്കാനിടയാക്കുന്ന രീതിയിൽ സാദൃശ്യമുള്ളതോ ആയിരിക്കുകയാണെങ്കിലോ;

(ഖ) അത്, ഒരു സ്ഥലത്തിന്റെയോ രാജ്യത്തിന്റെയോ യഥാർത്ഥ ഉൽപ്പന്നമല്ലാതിരിക്കെ, അവിടത്തെ ഉൽപ്പന്നമായി കരുതുന്നുവെങ്കിലോ;

(ഗ) അതിൽ, നിർണ്ണയിക്കപ്പെടാത്ത നിറം അടങ്ങിയിരിക്കുകയാണെങ്കിലോ;

(ഘ) അത്, മറെറാരു സൗന്ദര്യവർദ്ധക വസ്തുവിന്റെ പേരിൽ ഇറക്കുമതി ചെയ്യുകയാണെങ്കിലോ;

(ങ) അതിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ ലേബൽ ചെയ്യാതിരിക്കുകയാണെങ്കിലോ;

(ച) സൗന്ദര്യവർദ്ധകവസ്തുവിന്റെ ലേബലിലോ അതുൾക്കൊള്ളുന്ന പാത്രത്തിലോ സൗന്ദര്യവർദ്ധകവസ്തുവിന്റെ നിർമ്മാതാവോ ഉൽപ്പാദകനോ ആണെന്നുദ്ദേശിക്കുന്ന വ്യക്തിയുടേയോ കമ്പനിയുടേയോ പേരുണ്ടായിരിക്കുകയും, ആ വ്യക്തിയോ കമ്പനിയോ കൽപ്പിതമോ നിലവിലില്ലാത്തതോ ആയിരിക്കുകയും ചെയ്യുകയാണെങ്കിലോ;

(ഛ) സൗന്ദര്യവർദ്ധകവസ്തുവിന്റെ ലേബലിലോ അതുൾക്കൊള്ളുന്ന പാത്രത്തിലോ ഏതെങ്കിലും സംഗതിയിൽ വ്യാജമായതോ തെററിദ്ധരിപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവന അടങ്ങിയിരിക്കുകയാണെങ്കിലോ;

തെററായി മുദ്രണം ചെയ്തതായി കരുതപ്പെടുന്നതാണ്.

മായം ചേർത്ത മരുന്നുകൾ.

9ഖ. ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു മരുന്ന്—

(ക) അതിൽ, പൂർണ്ണമായോ ഭാഗികമായോ, ഏതെങ്കിലും മലിനമായതോ അഴുകിയതോ ചീഞ്ഞതോ ആയ പദാർത്ഥം അടങ്ങിയിരിക്കുകയാണെങ്കിലോ;

(ഖ) അത്, ശുചിത്വമില്ലാത്ത സാഹചര്യങ്ങളിൽ തയ്യാറാക്കുകയോ പാക്ക് ചെയ്യുകയോ സംഭരിക്കുകയോ അതുകാരണം അത് മാലിന്യംകൊണ്ട് ദുഷിക്കാവുന്നതോ അല്ലെങ്കിൽ അതുകാരണം അത് ആരോഗ്യത്തിന് ഹാനികരമായിത്തീർന്നേക്കാവുന്നതോ ആയിരിക്കുകയോ ആണെങ്കിലോ;

(ഗ) അതുൾക്കൊള്ളുന്ന പാത്രം, പൂർണ്ണമായോ ഭാഗികമായോ, അതിന്റെ ഉള്ളടക്കത്തെ ആരോഗ്യത്തിന് ഹാനികരമാക്കിത്തീർത്തേക്കാവുന്ന ഏതെങ്കിലും വിഷമുള്ളതോ ദോഷം വരുത്തുന്നതോ ആയ പദാർത്ഥംകൊണ്ട് നിർമ്മിക്കപ്പെട്ടതായിരിക്കുകയാണെങ്കിലോ;

(ഘ) അതിൽ നിറം കൊടുക്കുന്ന ആവശ്യങ്ങൾക്ക് നിർണ്ണയിക്കപ്പെട്ടതല്ലാത്ത നിറം ഉണ്ടായിരിക്കുകയോ അടങ്ങിയിരിക്കുകയോ ചെയ്യുകയാണെങ്കിലോ;

(ങ) ഏതെങ്കിലും പദാർത്ഥം—

(i) അതിന്റെ ഗുണമോ ശക്തിയോ കുറയ്ക്കത്തക്കവണ്ണം അതുമായി കൂട്ടിക്കലർത്തുകയോ പാക്ക് ചെയ്യുകയോ ;

(ii) അതിനുപകരം പൂർണ്ണമായോ ഭാഗികമായോ മററൊന്നു വയ്ക്കുകയോ ചെയ്യുകയാണെങ്കിലോ;

മായം ചേർത്തതാണെന്നു കരുതപ്പെടുന്നതാണ്.

വിശദീകരണം.—(ക) ഖണ്ഡത്തിന്റെ ആവശ്യത്തിന്, ഒരു മരുന്നിൽ, മരുന്നു ഉപയോഗിക്കുന്നതിനുള്ള കാലാവധി ഏതെങ്കിലുമുള്ളത്, മരുന്നിന്റെ ലേബലിൽ വിനിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, ആ കാലാവധിക്കകം മരുന്ന് സ്വാഭാവികമായി ചീഞ്ഞുപോയ ഫലമായുള്ളതാണ് അങ്ങനെയുള്ള ചീഞ്ഞ പദാർത്ഥമെന്ന വസ്തുത കാരണത്താൽമാത്രം, ഏതെങ്കിലും ചീഞ്ഞ പദാർത്ഥം മുഴുവനായോ ഭാഗികമായോ അടങ്ങിയിരിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ചീഞ്ഞുപോകൽ മരുന്നിന്റെ നിർമ്മാതാവിന്റെയോ, ഇറക്കുമതിക്കാരന്റെയോ വ്യാപാരിയുടേയോ ഭാഗത്തുള്ള ഉപേക്ഷമൂലമല്ലാത്തതും, അത് മരുന്നുകളെ ആരോഗ്യത്തിന് ഹാനികരമാക്കുന്നതല്ലാത്തതുമായിരിക്കണം.

ചിലമരുന്നുകളുടെയോ സൗന്ദര്യവർദ്ധകവസ്തുക്കളുടെയോ ഇറക്കുമതി നിരോധനം.

10. കേന്ദ്രഗവൺമെന്റ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തിയതി മുതൽ, യാതൊരാളും,—

(ക) ഗുണമാനകമില്ലാത്ത ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധകവസ്തുവോ;

(ഖ) തെററായി മുദ്രണം ചെയ്ത ഏതെങ്കിലും മരുന്നോ തെററായി മുദ്രണം ചെയ്ത സൗന്ദര്യവർദ്ധകവസ്തുവോ;

(ഖഖ) മായം ചേർത്ത ഏതെങ്കിലും മരുന്നോ;

(ഗ) ഇറക്കുമതി ചെയ്യുവാൻ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലൈസൻസിൻ കീഴിലും ലൈസൻസനുസരിച്ചും അല്ലാതെ ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധകവസ്തുവോ;

(ഘ) മരുന്നിന്റെ ലേബലിൻമേലോ അതുൾക്കൊള്ളുന്ന പാത്രത്തിൻമേലോ, അതിന്റെ യഥാർത്ഥഫോർമുലയോ അതിലടങ്ങിയിരിക്കുന്ന ഘടകപദാർത്ഥങ്ങളുടെ പട്ടികയോ മെഡിക്കൽ പ്രൊഫഷനിലെ അംഗങ്ങൾക്ക് എളുപ്പം മനസ്സിലാകത്തക്കവിധത്തിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രദർശിപ്പിച്ചിട്ടില്ലാത്ത പക്ഷം നിർമ്മാണാവകാശക്കുത്തകയോ ഉടമാവകാശമോ ഉള്ള ഏതെങ്കിലും മരുന്നോ;

(ങ) മരുന്നിനോടൊന്നിച്ചുള്ള ഏതെങ്കിലും പ്രസ്താവനയോ രൂപമാതൃകയോ അടയാളമോ വഴിയോ മറേറതെങ്കിലും പ്രകാരത്തിലോ, നിർണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും രോഗമോ അസ്വാസ്ഥ്യമോ ഭേദപ്പെടുത്തുമെന്നോ ശമിപ്പിക്കുമെന്നോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന മറേറതെങ്കിലും ഫലം ഉണ്ടാക്കുമെന്നോ ഉദ്ദേശിക്കുകയോ അവകാശപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും മരുന്നോ;

(ങങ) സൂചിപ്പിച്ചിട്ടുള്ളതോ ശുപാർശചെയ്തിട്ടുള്ളതോ ആയ നിദേശങ്ങൾക്ക് കീഴിൽ ഉപയോഗിക്കുന്നതിന് സുരക്ഷിതമല്ലാത്തതോ ഹാനികരമായതോ ആക്കിത്തീർക്കുന്ന ഏതെങ്കിലും ഘടകവസ്തു അടങ്ങിയിട്ടുള്ള ഏതെങ്കിലും സൗന്ദര്യവർദ്ധകവസ്തുവോ;

(ച) ഈ അദ്ധ്യായത്തിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ ഇറക്കുമതി നിരോധിച്ചിട്ടുള്ള ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ,

ഇറക്കുമതി ചെയ്യുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും, പരീക്ഷണത്തിനോ, പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ അല്ലെങ്കിൽ സ്വന്തം ഉപയോഗത്തിനോ, നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്ക് വിധേയമായി, ഏതെങ്കിലും മരുന്നിന്റെ ചെറിയ അളവിലുള്ള ഇറക്കുമതിയെ ബാധിക്കുന്നതല്ല:

എന്നുമാത്രമല്ല, കേന്ദ്ര ഗവൺമെന്റിന്, ബോർഡുമായി ആലോചിച്ചശേഷം ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി, ഗുണമാനകമില്ലാത്ത ഏതെങ്കിലും മരുന്നോ മരുന്നുകളുടെ വിഭാഗമോ ഇറക്കുമതിചെയ്യുവാൻ അനുവദിക്കാവുന്നതാണ്.

വിശദീകരണം.—(ഘ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഫോർമുലയോ ഘടക പദാർത്ഥങ്ങളുടെ പട്ടികയോ, ഘടകപദാർത്ഥങ്ങളുടെ പൂർണ്ണവും വിശദവുമായ ചേരുവ വെളിപ്പെടുത്താതെ, അതിലടങ്ങിയ വീര്യമുള്ളതോ വിഷലിപ്തമായതോ ആയ എല്ലാപദാർത്ഥങ്ങളെയും ഔഷധത്തിന്റെ ഘടനയുടെ ഒരു ഏകദേശ പ്രസ്താവനയോടുകൂടി ശരിയായി സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ സത്യമായുള്ളതാണെന്നും, അത "ആ ഉപഖണ്ഡത്തിന്റെ മതിയായ അനുരോധനമാണൊന്നും കരുതപ്പെടുന്നതാണ്.

**കടൽ കസ്റ്റംസ് സംബന്ധിച്ച നിയമത്തിന്റെ ബാധകതയും കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങളും.**

11. (1) കടൽ കസ്റ്റംസും, കടൽ കസ്റ്റംസ് ആക്റ്റ്, 1878-ലെ 18-ാം വകുപ്പിനാൽ ഇറക്കുമതിനിരോധിക്കപ്പെട്ടിട്ടുള്ള സാമാനങ്ങളും സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമം, ഈ ആക്റ്റ്, 13-ാം വകുപ്പിലെ വ്യവസ്ഥകൾക്ക്വിധേയമായി, ഈ അദ്ധ്യായത്തിൻകീഴിൽ ഇറക്കുമതി നിരോധിക്കപ്പെട്ടിട്ടുള്ള മരുന്നുകളും സൗന്ദര്യവർദ്ധകവസ്തുക്കളും സംബന്ധിച്ച് ബാധകമായിരിക്കുന്നതും, കസ്റ്റംസ് ഉദ്യോഗസ്ഥന്മാർക്കും കസ്റ്റംസ് കളക്ടരുടേയും മററു കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടേയുംമേൽ, അത് ചുമത്തുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ആ ആക്റ്റിൻകീഴിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കും, അങ്ങനെയുള്ള മരുന്നുകളും സൗന്ദര്യവർദ്ധകവസ്തുക്കളും സംബന്ധിച്ച്, മേൽപറഞ്ഞ സാമാനങ്ങൾ സംബന്ധിച്ച് തൽസമയം അവർക്കുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, കസ്റ്റംസ് കളക്ടർക്കോ അല്ലെങ്കിൽ ഇതിലേക്ക് കേന്ദ്ര ഗവൺമെന്റ് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഈ അദ്ധ്യായത്തിൻകീഴിൽ ഇറക്കുമതി നിരോധിക്കപ്പെട്ട ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധകവസ്തുവോ അടങ്ങിയിട്ടുണ്ടെന്ന് സംശയിക്കപ്പെടുന്ന ഇറക്കുമതിചെയ്ത ഏതെങ്കിലും പാക്കേജ് തടഞ്ഞുവയ്ക്കാവുന്നതും അങ്ങനെയുള്ള തടഞ്ഞുവയ്ക്കൽ ഉടൻതന്നെ ഇൻഡ്യാഡ്രഗ്സ്കൺട്രോളർക്ക് റിപ്പോർട്ടു ചെയ്യേണ്ടതും, ആവശ്യമുണ്ടെങ്കിൽ പാക്കേജോ അല്ലെങ്കിൽ അതിൽകാണുന്ന സംശയിക്കപ്പെട്ട ഏതെങ്കിലും മരുന്നിന്റേയോ സൗന്ദര്യവർദ്ധകവസ്തുവിന്റെയോ സാമ്പിളോ കേന്ദ്ര ഔഷധ പരീക്ഷണശാലക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

**ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്ര ഗവൺമെന്റിനുള്ളഅധികാരം.**

12. (1) കേന്ദ്ര ഗവൺമെന്റിന്, ബോർഡുമായി ആലോചിച്ചശേഷവും ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനു ശേഷവും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്ന ആവശ്യത്തിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, കേന്ദ്ര ഗവൺമെന്റിന്, അങ്ങനെയുള്ള ആലോചന കൂടാതെ ചട്ടങ്ങൾ ഉണ്ടാക്കുന്നത് ആവശ്യകമാക്കുന്ന സാഹചര്യങ്ങൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് അഭിപ്രായമുള്ളപക്ഷം, ബോർഡുമായുള്ള ആലോചന വേണ്ടെന്നുവയ്ക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ, ചട്ടങ്ങളുണ്ടാക്കി ആറുമാസത്തിനുള്ളിൽ ബോർഡുമായി ആലോചിക്കേണ്ടതും, മുൻപറഞ്ഞ ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച് ബോർഡ് പുറപ്പെടുവിക്കാവുന്ന ഏതെങ്കിലും അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റ് പരിഗണിക്കേണ്ടതുമാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംകൂടാതെ, അങ്ങനെയുള്ള ചട്ടങ്ങളിൽ—

(ക) ഇറക്കുമതിക്ക് ലൈസൻസ് ആവശ്യകമായ മരുന്നുകളോ മരുന്നുകളുടെ വിഭാഗമോ അല്ലെങ്കിൽ സൗന്ദര്യവർദ്ധക വസ്തുവോ സൗന്ദര്യവസ്തുക്കളുടെ വിഭാഗമോ വിനിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള ലൈസൻസിന്റെ ഫാറവും നിബന്ധനകളും, അത് നൽകുവാൻ അധികാരപ്പെടുത്തിയ അധികാരസ്ഥാനവും അതിലേയ്ക്ക് കൊടുക്കേണ്ട ഫീസും നിർണ്ണയിക്കാവുന്നതും;

(ഖ) ഒരു മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ ഗുണമാനകമുള്ളതാണോ എന്ന് തിട്ടപ്പെടുത്തുന്നതിന് നടത്തേണ്ട പരിശോധനയുടെയോ വിശ്ലേഷണത്തിന്റെയോ സമ്പ്രദായങ്ങൾ നിർണ്ണയിക്കാവുന്നതും;

(ഗ) ജൈവികവും കാർബണിധാതവികവുമായ യൗഗികങ്ങൾ സംബന്ധിച്ച് മാനകീകരണത്തിനുള്ള ഏകകങ്ങളോ സമ്പ്രദായങ്ങളോ നിർണ്ണയിക്കാവുന്നതും;

കുററങ്ങൾ.

13. (1) ഏതൊരാളാണോ ഈ അദ്ധ്യായത്തിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ, ഏതെങ്കിലും വ്യവസ്ഥകം ലംഘിക്കുന്നത്, അയാൾ, 11-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് കീഴിൽ ബാദ്ധ്യസ്ഥനായേക്കാവുന്ന ശിക്ഷക്കു പുറമേ, ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ 500 രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതൊരാളും ആ ഉപവകുപ്പിൻകീഴിൽ വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുകയാണെങ്കിൽ, മുൻപറഞ്ഞ ഏതെങ്കിലും ശിക്ഷക്കുപുറമേ രണ്ടു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ ആയിരംരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

കണ്ടുകെട്ടൽ.

14. 13-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ചെയ്തിട്ടുണ്ടെങ്കിൽ ഏതു മരുന്നിന്റേയോ സൗന്ദര്യവർദ്ധകവസ്തുവിന്റേയോ കൺസൈൻമെൻറ് സംബന്ധിച്ചാണോ ആ കുററം ചെയ്യപ്പെട്ടിട്ടുള്ളത് ആ കൺസൈൻമെൻറ് കണ്ടുകെട്ടലിനു വിധേയമായിരിക്കുന്നതാണ്.

വിചാരണാധികാരിത.

15. പ്രസിഡൻസി മജിസ്ട്രേട്ട്കോടതിയുടേയോ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയുടേയോ പദവിക്കു താഴെയല്ലാത്ത യാതൊരു കോടതിയും 13-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടേണ്ട കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

## അദ്ധ്യായം IV

## മരുന്നുകളുടേയോ സൗന്ദര്യവർദ്ധക വസ്തുക്കളുടേയോ ഉൽപ്പാദനവും വിൽപ്പനയും, വിതരണവും

ഗുണമാനകങ്ങൾ.

16. (1) ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് "ഗുണമാനകം" എന്ന പദപ്രയോഗത്തിന്—

(ക) ഒരു മരുന്നു സംബന്ധിച്ച്, ആ മരുന്ന് രണ്ടാം പട്ടികയിൽ കൊടുത്തിട്ടുള്ള മാനകം അനുസരിച്ചുള്ളതാണെന്നും ;

(ഖ) ഒരു സൗന്ദര്യവർദ്ധക വസ്തു സംബന്ധിച്ച്, ആ സൗന്ദര്യവർദ്ധക വസ്തു നിർണ്ണയിക്കപ്പെടാവുന്ന മാനകം അനുസരിച്ചുള്ളതാണെന്നും;

അർത്ഥമാകുന്നു.

(2) കേന്ദ്ര ഗവൺമെൻറ്, ബോർഡുമായി ആലോചിച്ചശേഷവും അതിന് അപ്രകാരം ചെയ്യുവാനുള്ള ഉദ്ദേശം സംബന്ധിച്ച് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി മൂന്നുമാസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകിയശേഷവും ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കു അതുപോലുള്ള ഒരു വിജ്ഞാപനംവഴി രണ്ടാം പട്ടികയിൽ കൂട്ടിച്ചേർക്കുകയോ മററു വിധത്തിൽ അതു ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും, അതോടെ രണ്ടാം പട്ടിക അതനുസരിച്ച് ഭേദഗതി ചെയ്തതായി കരുതേണ്ടതുമാകുന്നു.

തെററായി മുദ്രണം ചെയ്യപ്പെട്ട മരുന്നുകൾ.

17. ഈ അദ്ധ്യയത്തിന്റെ ആവശ്യങ്ങൾക്ക് ഒരു മരുന്ന്, —

(ക) അതിന്റെ യഥാർത്ഥ സ്വഭാവവും അതിന് അങ്ങനെയുള്ള മററു മരുന്നുമായുള്ള സാദൃശ്യമില്ലായ്മയും വെളിപ്പെടുത്തത്തക്കവണ്ണം അത് വ്യക്തമായും ശ്രദ്ധേയമായും അടയാളപ്പെടുത്താതെ അത് മറെറാരു മരുന്നിന്റെ അനുകരണമോ പകരമായുള്ളതോ കബളിപ്പിക്കാൻ ഇടയാക്കുന്ന രീതിയിൽ സാദൃശ്യമുള്ളതോ ആയിരിക്കുകയോ അല്ലെങ്കിൽ ആ മരുന്നിൻമേലോ അതിന്റെ ലേബലിലോ പാത്രത്തിൻമേലോ മറെറാരു മരുന്നിന്റെ പേര് ഉണ്ടായിരിക്കുകയോ ചെയ്യുന്നെങ്കിലോ ;

(ഖ) അത്, ഒരു സ്ഥലത്തിന്റേയോ രാജ്യത്തിന്റേയോ യഥാർത്ഥ ഉൽപ്പന്നമല്ലായിരിക്കെ, അവിടത്തെ ഉൽപ്പന്നമായി കരുതുന്നുവെങ്കിലോ ;

(ഗ) അത് മറെറാരു മരുന്നിന്റെ പേരിൽ വിൽക്കുകയോ, വിൽപനയ്ക്കു വയ്ക്കുകയോ, വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കുകയോ ;

(ഘ) അതിന്റെ കേട് മറച്ചുവയ്ക്കത്തക്കവിധം അതിന് നിറം കൊടുക്കുകയോ പൂശുകയോ, പൊടിയാക്കുകയോ മിനുസപ്പെടുത്തുകയോ അല്ലെങ്കിൽ യഥാർത്ഥത്തിൽ രോഗശമനത്തിന് ഉള്ള മൂല്യത്തേക്കാൾ മെച്ചമോ മഹത്തരമോ ആയ മൂല്യം ഉണ്ടെന്നു തോന്നിക്കുന്നുവെങ്കിലോ ;

(ങ) അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ ലേബൽ ചെയ്യാതിരിക്കുന്നെങ്കിലോ ;

(ച) മരുന്നിന്റെ ലേബലിലോ അതുൾക്കൊള്ളുന്ന പാത്രത്തിലോ, അതിനോടൊന്നിച്ചുള്ള ഏതിലെങ്കിലുമോ, മരുന്നിന് ഏതെങ്കിലും വ്യാജമായ അവകാശം പുറപ്പെടുവിക്കുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും സംഗതിയിൽ വ്യാജമായതോ തെററിദ്ധരിപ്പിക്കുന്നതോ ആയ പ്രസ്താവനയോ രൂപ മാതൃകയോ അടയാളമോ വഹിക്കുകയോ ചെയ്യുന്നെങ്കിലോ ;

(ഗഗ) നിറം കൊടുക്കുന്ന ആവശ്യത്തിന് ഒരു മരുന്ന് വഹിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യാവുന്ന നിറമോ നിറങ്ങളോ 9ഖ വകുപ്പ് (ഘ) ഖണ്ഡത്തിൻകീഴിൽ നിർണ്ണയിക്കാവുന്നതും ;

(ഘ) ഇറക്കുമതി ചെയ്യപ്പെട്ട ഒരു മരുന്ന്, തടയുകയോ, ഭേദപ്പെടുത്തുകയോ ശമിപ്പിക്കുകയോ ചെയ്യുമെന്നുദ്ദേശിക്കാത്തതോ അവകാശപ്പെടാത്തതോ ആയ രോഗങ്ങളും അസ്വാസ്ഥ്യങ്ങളും ; കൂടാതെ അങ്ങനെയുള്ള മരുന്നിന് ഉണ്ടെന്നുദ്ദേശിക്കപ്പെടാത്തതോ അവകാശപ്പെടാത്തതോ ആയ മററു ഫലങ്ങളും വിനിർദ്ദേശിക്കാവുന്നതും ;

(ങ) ഈ അദ്ധ്യായത്തിൻകീഴിൽ ഇറക്കുമതി മററു വിധത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ള മരുന്നുകൾ പരിശോധനയ്ക്കോ പരീക്ഷണത്തിനോ വിശ്ലേഷണത്തിനോ അഥവാ സ്വന്തം ഉപയോഗത്തിനോ ചെറിയ അളവിൽ ഇറക്കുമതി ചെയ്യുന്നത് ഏതു നിബന്ധനകൾക്കു വിധേയമായാണോ ആ നിബന്ധനകൾ നിർണ്ണയിക്കാവുന്നതും ;

(ച) മരുന്നുകളോ സൗന്ദര്യ വർദ്ധക വസ്തുക്കളോ ഇറക്കുമതി ചെയ്യാമെന്നുള്ള സ്ഥലങ്ങൾ നിർണ്ണയിക്കാവുന്നതും മറേറതെങ്കിലും സ്ഥലത്ത് ഇറക്കുമതി ചെയ്യുന്നത് നിരോധിക്കാവുന്നതും ;

(ഛ) ഇറക്കുമതി ചെയ്യപ്പെട്ട ഏതെങ്കിലും വിനിർദ്ദിഷ്ട മരുന്നിൻേറയോ അങ്ങനെയുള്ള മരുന്നുകളുടെ വിഭാഗത്തിൻേറയോ ലേബലിലോ അവ ഉൾക്കൊള്ളുന്ന പാത്രത്തിൻമേലോ നിർമ്മാണ തീയതിയും വീര്യം അവസാനിക്കുന്ന തീയതിയും വ്യക്തമായും സത്യമായും പ്രസ്താവിക്കുന്നതിനു ആവശ്യപ്പെടാവുന്നതും, മേൽ പറഞ്ഞ മരുന്നിൻേറയോ മരുന്നുകളുടെ വിഭാഗത്തിൻേറയോ ഇറക്കുമതി നിർമ്മാണ തീയതി മുതലുള്ള വിനിർദ്ദിഷ്ട കാലാവധി കഴിഞ്ഞശേഷം നിരോധിക്കാവുന്നതും ;

(ജ) കേന്ദ്ര ഔഷധ പരീക്ഷണശാലയുടെ പരിശോധനയ്ക്കോ പരീക്ഷണത്തിനോ വിശ്ലേഷണത്തിനോ മരുന്നുകളുടെയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെയോ സാമ്പിളുകൾ ഇറക്കുമതിക്കാർ സമർപ്പിക്കുന്നതും അവ ലഭ്യമാക്കുന്നതും ക്രമീകരിക്കുകയും, അങ്ങനെയുള്ള പരിശോധനക്കോ, പരീക്ഷണത്തിനോ വിശ്ലേഷണത്തിനോ ഏതെങ്കിലും ഫീസ് നല്കേണ്ടതുണ്ടെങ്കിൽ, അത് നിർണ്ണയിക്കുകയും ചെയ്യാവുന്നതും ;

(ഝ) ഒപ്പമുണ്ടായിരിക്കുന്ന രേഖകളാലോ മററു വിധത്തിലോ ആയാലും ഇറക്കുമതി ചെയ്യുവാനാവശ്യപ്പെടുന്ന മരുന്നുകളുടെയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെയോ ഗുണത്തെപ്പററി നൽകേണ്ട തെളിവും അങ്ങനെയുള്ള തെളിവുകൾ കൈകാര്യം ചെയ്യുന്നതിൽ കസ്ററംസ് ഉദ്യോഗസ്ഥന്മാരുടെ നടപടിക്രമവും, അനുവാദം നൽകുന്നതുവരെ തടഞ്ഞുവച്ച മരുന്നുകളോ സൗന്ദര്യവർദ്ധകവസ്തുക്കളോ, ഇറക്കുമതി ചെയ്യപ്പെട്ട സ്ഥലങ്ങളിൽ സംഭരണം ചെയ്യേണ്ട രീതിയും നിർണ്ണയിക്കാവുന്നതും ;

(ഞ) ഇൻഡ്യവഴി കൊണ്ടുപോകുന്നതിനും ഇൻഡ്യയിൽനിന്നു കയററി അയക്കുന്നതിനും ഉള്ള ആവശ്യത്തിനു മാത്രം ഇറക്കുമതി ചെയ്ത മരുന്നുകളേയോ സൗന്ദര്യവർദ്ധകവസ്തുക്കളേയോ ഈ അദ്ധ്യായത്തിലേയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും എല്ലാ വ്യവസ്ഥകളിൽനിന്നോ അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥയിൽനിന്നോ സോപാധികമായോ മററുവിധത്തിലോ ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യാവുന്നതും ;

(ട) ഇറക്കുമതി ചെയ്യപ്പെട്ട മരുന്നുകളോ സൗന്ദര്യവർദ്ധകവസ്തുക്കളോ കുപ്പികളിലോ പാക്കേജുകളിലോ അല്ലെങ്കിൽ മററു പാത്രങ്ങളിലോ പാക്ക് ചെയ്യുന്നതിന് പാലിക്കേണ്ട വ്യവസ്ഥകൾ നിർണ്ണയിക്കാവുന്നതും ;

(ഠ) വില്പനക്കായി പാക്കേജുകളിൽ ഇറക്കുമതി ചെയ്യപ്പെട്ട മരുന്നുകളിലോ സൗന്ദര്യവർദ്ധക വസ്തുക്കളിലോ ലേബൽ പതിക്കേണ്ട രീതി ക്രമപ്പെടുത്തുന്നതിനും അങ്ങനെയുള്ള ലേബലുകളിൽ ഉൾപ്പെടുത്തേണ്ടതും ഉൾപ്പെടുത്താൻ പാടില്ലാത്തതുമായ വിഷയങ്ങൾ നിർണ്ണയിക്കുകയും ചെയ്യാവുന്നതും ;

(ഡ) ഇറക്കുമതി ചെയ്യപ്പെട്ട ഏതെങ്കിലും മരുന്നിൽ ചേർക്കാവുന്നതോ, അടങ്ങിയിരിക്കാവുന്നതോ ആയ ഏതെങ്കിലും വിഷപദാർത്ഥത്തിൻെറ പരമാവധി അനുപാതം നിർണ്ണയിക്കാവുന്നതും, ആ അനുപാതത്തിൽ കവിഞ്ഞുള്ള ഏതെങ്കിലും മരുന്നിൻെറ ഇറക്കുമതി നിരോധിക്കാവുന്നതും, ഈ അദ്ധ്യായത്തിൻെറയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെയും ആവശ്യങ്ങൾക്ക് വിഷം കലർന്നതെന്ന് കരുതപ്പെടേണ്ട പദാർത്ഥങ്ങൾ വിനിർദ്ദേശിക്കാവുന്നതും ;

(ഢ) ഏതെങ്കിലും വിനിർദ്ദിഷ്ട മരുന്നിൻെറ അംഗീകൃതശാസ്ത്രീയ നാമം അങ്ങനെയുള്ള മരുന്ന് അടങ്ങിയിരിക്കുന്ന ഏതെങ്കിലും ഇറക്കുമതി ചെയ്യപ്പെട്ട നിർമ്മാണവകാശക്കുത്തകയോ ഉടമാവകാശമോ ഉള്ള ഔഷധത്തിൻെറ ലേബലിലോ ആവരണത്തിൻമേലോ നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രദർശിപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതും ;

(ണ) ഈ അദ്ധ്യായത്തിലെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വ്യവസ്ഥകളിൽനിന്നോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിൽനിന്നോ ഏതെങ്കിലും വിനിർദ്ദിഷ്ടമായ മരുന്നിനേയോ മരുന്നുകളുടെ വിഭാഗത്തെയോ അല്ലെങ്കിൽ സൗന്ദര്യവർദ്ധക വസ്തുവിനേയോ സൗന്ദര്യവർദ്ധകവസ്തുക്കളുടെ വിഭാഗത്തേയോ സോപാധികമായോ അല്ലാതെയോ ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും ;

ആകുന്നു.

(ജ) ലേബലിലോ മരുന്ന് ഉൾക്കൊള്ളുന്ന പാത്രത്തിലോ മരുന്നിന്റെ നിർമ്മാതാവോ ഉൽപ്പാദകനോ ആണെന്ന് കരുതപ്പെടുന്ന ഒരു വ്യക്തിയുടേയോ കമ്പനിയുടെയോ പേരുണ്ടായിരിക്കുകയും ആ വ്യക്തിയോ കമ്പനിയോ കൽപ്പിതമോ നിലവിലില്ലാത്തതോ ആയിരിക്കുകയും ;

ചെയ്യുകയാണെങ്കിലോ ;

തെററായി മുദ്രണം ചെയ്തതായി കരുതപ്പെടുന്നതാണ്.

തെററായി മുദ്രണം ചെയ്യപ്പെട്ട സൗന്ദര്യവർദ്ധകവസ്തുക്കൾ.

17ക. ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് ഒരു സൗന്ദര്യവർദ്ധക വസ്തു—

(ക) അത്, മറെറാരു സൗന്ദര്യവർദ്ധകവസ്തുവിന്റെ അനുകരണമോ, അതിന് പകരമായുള്ളതോ കബളിപ്പിക്കാൻ ഇടയാക്കുന്ന രീതിയിൽ സാദൃശ്യമുള്ളതോ ആയിരിക്കുകയാണെങ്കിലോ ;

(ഖ) അത് ഒരു സ്ഥലത്തിന്റെയോ രാജ്യത്തിന്റെയോ യഥാർത്ഥ ഉൽപ്പന്നമല്ലായിരിക്കെ അവിടത്തെ ഉൽപ്പന്നമായി കരുതപ്പെടുന്നുവെങ്കിലോ ;

(ഗ) അതിൽ നിർണ്ണയിക്കപ്പെടാത്ത നിറം അടങ്ങിയിരിക്കുകയാണെങ്കിലോ;

(ഘ) അത് മറെറാരു സൗന്ദര്യവർദ്ധകവസ്തുവിന്റെ പേരിൽ വിൽക്കുകയോ വിൽപ്പനയ്ക്കുവയ്ക്കുകയോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കുകയോ ചെയ്യുന്നുവെങ്കിലോ ;

(ങ) അതിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ലേബൽ ചെയ്യാതിരിക്കുകയാണെങ്കിലോ ;

(ച) ലേബലിലോ സൗന്ദര്യവർദ്ധകവസ്തു ഉൾക്കൊള്ളുന്ന പാത്രത്തിൻമേലോ സൗന്ദര്യവർദ്ധകത്തിന്റെ നിർമ്മാതാവോ ഉൽപ്പാദകനോ ആണെന്ന് കരുതപ്പെടുന്ന വ്യക്തിയുടേയോ കമ്പനിയുടേയോ പേരുണ്ടായിരിക്കുകയും ആ വ്യക്തിയോ കമ്പനിയോ കൽപ്പിതമോ നിലവില്ലാത്തതോ ആയിരിക്കുകയും ചെയ്യുകയാണെങ്കിലോ ;

(ഛ) ലേബലിലോ അതുൾക്കൊള്ളുന്ന പാത്രത്തിൻമേലോ ഏതെങ്കിലും സംഗതിയിൽ വ്യാജമായതോ തെററിദ്ധരിപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവന അടങ്ങിയിരിക്കുകയാണെങ്കിലോ ;

തെററായി മുദ്രണം ചെയ്തതായി കരുതപ്പെടുന്നതാണ്.

മായം ചേർത്ത മരുന്നുകൾ.

17ഖ. ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് ഒരു മരുന്ന്—

(ക) അതിൽ പൂർണ്ണമായോ ഭാഗികമായോ ഏതെങ്കിലും മലിനമായതോ അഴുകിയതോ, ചീഞ്ഞതോ ആയ പദാർത്ഥം അടങ്ങിയിരിക്കുകയാണെങ്കിലോ ;

(ഖ) അത്, ശുചിത്വമില്ലാത്ത സാഹചര്യങ്ങളിൽ തയ്യാറാക്കുകയോ പാക്ക് ചെയ്യുകയോ സംഭരിക്കുകയോ അതു കാരണം അതു മാലിന്യം കൊണ്ട് ദുഷിക്കാവുന്നതോ അല്ലെങ്കിൽ അതുകാരണം അതു ആരോഗ്യത്തിന് ഹാനികരമായിത്തീർന്നേക്കാവുന്നതോ ആയിരിക്കുകയോ, ആണെങ്കിലോ ;

(ഗ) അതുൾക്കൊള്ളുന്ന പാത്രം പൂർണ്ണമായോ ഭാഗികമായോ അതിന്റെ ഉള്ളടക്കത്തെ ആരോഗ്യത്തിന് ഹാനികരമായിത്തീർത്തേക്കാവുന്ന ഏതെങ്കിലും വിഷമുള്ളതോ ദോഷം വരുത്തുന്നതോ ആയ പദാർത്ഥംകൊണ്ട് നിർമ്മിക്കപ്പെട്ടതായിരിക്കുകയാണെങ്കിലോ ;

(ഘ) അതിൽ, നിറം കൊടുക്കുന്ന ആവശ്യങ്ങൾക്ക് നിർണ്ണയിക്കപ്പെട്ടതല്ലാത്ത നിറം, ഉൾക്കൊണ്ടിരിക്കുകയോ, അടങ്ങിയിരിക്കുകയോ ;

(ങ) ഏതെങ്കിലും പദാർത്ഥം—

(i) അതിന്റെ ഗുണമോ ശക്തിയോ കുറയ്ക്കത്തക്കവണ്ണം അതുമായി കൂട്ടിക്കലർത്തുകയോ പാക്ക് ചെയ്യുകയോ ;

(ii) അതിനു പകരം പൂർണ്ണമായോ ഭാഗികമായോ, മറെറാന്നു വയ്ക്കുകയോ ചെയ്യുകയാണെങ്കിലോ ;

മായം ചേർത്തതാണെന്നു കരുതപ്പെടുന്നതാണ്.

<u>വിശദീകരണം</u> .— (ക) ഖണ്ഡത്തിന്റെ ആവശ്യത്തിന്, ഒരു മരുന്നിൽ, ആ മരുന്ന് ഉപയോഗിക്കുന്നതിനുള്ള കാലാവധി ഏതെങ്കിലുമുണ്ടെങ്കിൽ അത് ആ മരുന്നിന്റെ ലേബലിൽ വിനിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, ആ കാലാവധിക്കകം മരുന്ന് സ്വാഭാവികമായി ചീഞ്ഞുപോയ ഫലമായാണെന്നുള്ള വസ്തുത കാരണത്താൽ മാത്രം ഏതെങ്കിലും ചീഞ്ഞപദാർത്ഥം മുഴുവനായോ ഭാഗികമായോ അടങ്ങിയിരിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല :

എന്നാൽ അങ്ങനെയുള്ള ചീഞ്ഞുപോകൽ മരുന്നിന്റെ നിർമ്മാതാവിന്റെയോ വ്യാപാരിയുടെയോ ഭാഗത്തു നിന്നുള്ള ഉപേക്ഷമൂലം അല്ലാത്തതും അത് മരുന്നിനെ ആരോഗ്യത്തിന് ഹാനികരമാക്കുന്നതല്ലാത്തതും ആയിരിക്കണം.

18. സ്റ്റേറ്റ് ഗവൺമെൻറ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതൽ, യാതൊരു വ്യക്തിയും സ്വമേധയാ അല്ലെങ്കിൽ തനിക്കുവേണ്ടി മറേറതെങ്കിലും വ്യക്തി മുഖേനയോ—

ചില മരുന്നുകളുടേയും സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ഉൽപ്പാദനവും വിൽപ്പനയും നിരോധിക്കൽ.

(ക) (i) ഗുണമാനകമില്ലാത്ത ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ,

(ii) തെററായി മുദ്രണം ചെയ്യപ്പെട്ട ഏതെങ്കിലും മരുന്നോ തെററായി മുദ്രണം ചെയ്യപ്പെട്ട ഏതെങ്കിലും സൗന്ദര്യവർദ്ധകവസ്തുവോ ;

(ii) (ക) ഏതെങ്കിലും മായം ചേർത്ത മരുന്നോ ;

(iii) മരുന്നിന്റെ ലേബലിൻമേലോ അതുൾക്കൊള്ളുന്ന പാത്രത്തിലോ, അതിന്റെ യഥാർത്ഥ ഫോർമുലയോ അതിൽ അടങ്ങിയിരിക്കുന്ന ഘടകപദാർത്ഥങ്ങളുടെ പട്ടികയോ മെഡിക്കൽ പ്രൊഫഷനിലെ അംഗങ്ങൾക്ക് എളുപ്പം മനസ്സിലാകത്തക്ക വിധത്തിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രദർശിപ്പിക്കാത്തപക്ഷം, നിർമ്മാണാവകാശക്കുത്തകയോ ഉടമസ്ഥാവകാശമോ ഉള്ള ഏതെങ്കിലും മരുന്ന്,

(iv) അതോടൊന്നിച്ചുള്ള ഏതെങ്കിലും പ്രസ്താവനയോ രൂപമാതൃകയോ അടയാളമോ വഴിയോ മറേറതെങ്കിലും പ്രകാരത്തിലോ നിർണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും രോഗമോ അസ്വാസ്ഥ്യമോ ഭേദപ്പെടുത്തുമെന്നോ ശമിപ്പിക്കുമെന്നോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന മറേറതെങ്കിലും ഫലം ഉണ്ടാക്കുമെന്നോ ഉദ്ദേശിക്കുകയോ അവകാശപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും മരുന്നോ ;

(v) സൂചിപ്പിച്ചിട്ടുള്ളതോ ശുപാർശ ചെയ്തിട്ടുള്ളതോ ആയ നിദേശങ്ങൾക്കു കീഴിൽ ഉപയോഗിക്കുന്നതിന് സുരക്ഷിതമല്ലാത്തതോ ഹാനികരമായതോ ആക്കിത്തീർക്കുന്ന ഏതെങ്കിലും ഘടകവസ്തു അടങ്ങിയിട്ടുള്ള ഏതെങ്കിലും സൗന്ദര്യവർദ്ധകവസ്തുവോ ,

(vi) ഈ അദ്ധ്യായത്തിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധകവസ്തുവോ

വില്പനയ്ക്കായി ഉൽപ്പാദിപ്പിക്കുകയോ വില്ക്കുകയോ സംഭരിക്കുകയോ വില്പനയ്ക്കായി പ്രദർശിപ്പിക്കുകയോ വിതരണം ചെയ്യുകയോ ;

(ഖ) ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഇറക്കുമതി ചെയ്യപ്പെട്ടതോ ഉൽപ്പാദിക്കപ്പെട്ടതോ ആയ ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ വില്ക്കുകയോ സംഭരിക്കുകയോ വില്പനയ്ക്ക് പ്രദർശിപ്പിക്കുകയോ വിതരണം ചെയ്യുകയോ ;

(ഗ) ഈ അദ്ധ്യായത്തിൻകീഴിൽ അങ്ങനെയുള്ള ആവശ്യത്തിന് നൽകപ്പെട്ട ഒരു ലൈസൻസിലെ വ്യവസ്ഥകൾക്കു കീഴിലും അവയനുസരിച്ചുമല്ലാതെ യാതൊരു മരുന്നുകളോ സൗന്ദര്യവർദ്ധകവസ്തുക്കളോ വില്പനയ്ക്കായി ഉൽപ്പാദിപ്പിക്കുകയോ വില്ക്കുകയോ സംഭരിക്കുകയോ വിൽപ്പനയ്ക്ക് പ്രദർശിപ്പിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല :

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും പരീക്ഷണത്തിനോ പരിശോധനയ്ക്കോ, വിശ്ലേഷണത്തിനോ, നിർണ്ണയിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ചെറിയ അളവിലുള്ള ഏതെങ്കിലും മരുന്നുകളുടെ നിർമ്മാണത്തെ ബാധിക്കുന്നതല്ല:

എന്നുമാത്രമല്ല, കേന്ദ്ര ഗവൺമെൻറിന് ബോർഡുമായി ആലോചിച്ചശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി ഗുണമാനകമില്ലാത്ത ഏതെങ്കിലും മരുന്നോ മരുന്നുകളുടെ വിഭാഗമോ വില്പനയ്ക്ക് ഉൽപ്പാദിപ്പിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ അനുവദിക്കാവുന്നതാണ്.

വിശദീകരണം.— (ക) ഖണ്ഡത്തിലെ (iii)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഫോർമുലയോ ഘടകപദാർത്ഥങ്ങളുടെ പട്ടികയോ, ഘടകപദാർത്ഥങ്ങളുടെ പൂർണ്ണവും വിശദവുമായ ചേരുവ വെളിപ്പെടുത്താതെ അതിലടങ്ങിയ വീര്യമുള്ളതോ വിഷലിപ്തമായതോ ആയ എല്ലാ പദാർത്ഥങ്ങളെയും ഔഷധത്തിന്റെ ഘടനയുടെ ഒരു ഏകദേശ പ്രസ്താവനയോടുകൂടി ശരിയായി സൂചിപ്പിക്കുന്നുവെങ്കിൽ സത്യമായതാണെന്നും ആ ഉപഖണ്ഡത്തിന്റെ മതിയായ അനുസരണമാണെന്നും കരുതപ്പെടുന്നതാണ്.

18ക. ഒരു മരുന്നിന്റേയോ സൗന്ദര്യവർദ്ധക വസ്തുവിന്റേയോ ഉൽപ്പാദകനോ അല്ലെങ്കിൽ അതിന്റെ വിതരണത്തിനുള്ള അയാളുടെ ഏജൻറാ അല്ലാത്ത ഏതൊരാളും, അപ്രകാരമാവശ്യപ്പെടുന്നപക്ഷം മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ അയാൾക്ക് ആരിൽനിന്നു ലഭിച്ചുവോ ആ ആളുടെ പേരും മേൽവിലാസവും മററു വിവരങ്ങളും ഇൻസ്പെക്ടറോട് വെളിപ്പെടുത്തേണ്ടതാണ്.

ഉൽപ്പാദകന്റെയും മററും പേരു വെളിപ്പെടുത്തൽ.

**വാദങ്ങൾ.**

19. (1) ഈ വകുപ്പിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ അദ്ധ്യായത്തിൻകീഴിലുള്ള ഒരു പ്രാസിക്യൂഷനിൽ, ഏത് മരുന്നോ, സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ചാണോ കുററം ചെയ്തിട്ടുള്ളത് ആ മരുന്നിൻേറയോ സൗന്ദര്യവർദ്ധകവസ്തുവിൻേറയോ സ്വഭാവമോ, സാരാംശമോ ഗുണമോ സംബന്ധിച്ചോ അല്ലെങ്കിൽ അതിൻെറ ഉൽപ്പാദനത്തിൻെറയോ ഇറക്കുമതിയുടെയോ സാഹചര്യങ്ങൾ സംബന്ധിച്ചോ കുററവാളിക്ക് അറിവില്ലെന്നോ അല്ലെങ്കിൽ വാങ്ങിയ ആൾക്ക് പരീക്ഷണത്തിൻേറയോ വിശ്ലേഷണത്തിൻേറയോ ആവശ്യത്തിന് മാത്രം വാങ്ങിയതാകയാൽ വിൽപ്പനകൊണ്ട് ഹാനി സംഭവിച്ചിട്ടില്ലെന്നോ മാത്രം തെളിയിക്കുന്നത് ഒരു പ്രതിവാദമായിരിക്കുന്നതല്ല.

(2) 18-ാം വകുപ്പിൻെറ ആവശ്യങ്ങൾക്ക് ഒരു മരുന്ന്—

(ക) കയററിക്കൊണ്ടു പോകുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിന് അനുയോജ്യമായ നിലയിലുള്ള ഒരു വാണിജ്യപദാർത്ഥമെന്ന നിലയിൽ അത് ആവശ്യമായിരിക്കുന്നതുകൊണ്ടും മരുന്നിൻേറയോ സൗന്ദര്യവർദ്ധക വസ്തുവിൻെറയോ ഉൽപ്പാദനത്തിനോ തയ്യാറാക്കലിനോ മരുന്നിൻേറയോ സൗന്ദര്യവർദ്ധക വസ്തുവിൻേറയോ വലിപ്പമോ, തൂക്കമോ അളവോ, വർദ്ധിപ്പിക്കാനോ അതിൻെറ താണ ഗുണമാനകത്തേയോ മററു ന്യൂനതകളേയോ മറച്ചുവയ്ക്കാനോ അല്ലാതെയും അതിനോടുകൂടി ഏതെങ്കിലും നിരുപദ്രവകരമായ പദാർത്ഥമോ ഘടകപദാർത്ഥമോ, കൂട്ടിച്ചേർത്തിട്ടുണ്ടെന്നോ ;

(ഖ) ഉൽപ്പാദനമോ, തയാറാക്കലോ കയററിക്കൊണ്ടുപോകലോ സംബന്ധിച്ച പ്രക്രിയയിൽ ഏതെങ്കിലും അന്യപദാർത്ഥം അനിവാര്യമായി അതുമായി കലർന്നിട്ടുണ്ടെന്നോ,

ഉള്ള വസ്തുത കാരണത്താൽ മാത്രം ഒരു മരുന്ന് തെററായി മുദ്രണം ചെയ്യപ്പെട്ടതായോ മായം ചേർക്കപ്പെട്ടതായോ ഗുണമാനകത്തിനു താഴെ ഉള്ളതായോ അല്ലെങ്കിൽ ഒരു സൗന്ദര്യവർദ്ധകവസ്തു തെററായി മുദ്രണം ചെയ്യപ്പെട്ടതായോ ഗുണമാനകത്തിനു താഴെ ഉള്ളതോ ആയോ കരുതപ്പെടാൻ പാടുള്ളതല്ല ; എന്നാൽ അങ്ങനെയുള്ള കൂട്ടിക്കലർത്തൽ വിൽപനക്കാരനോ വിതരണക്കാരനോ അറിഞ്ഞതിനുശേഷം സംഭവിക്കുന്ന, മരുന്നിൻെറയോ സൗന്ദര്യവർദ്ധക വസ്തുവിൻെറയോ ഏതെങ്കിലും വിൽപനയേയോ വിതരണത്തേയോ സംബന്ധിച്ച് ഈ ഖണ്ഡം ബാധകമാകുന്നതല്ല.

(3) ഒരു മരുന്നിൻെറയോ സൗന്ദര്യവർദ്ധക വസ്തുവിൻെറയോ ഉൽപ്പാദകനോ അതിൻെറ വിതരണത്തിനുള്ള അയാളുടെ ഏജൻേറാ അല്ലാത്ത ഒരാൾ—

(ക) മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ യഥാവിധി ലൈസൻസുള്ള അതിൻെറ ഒരു ഉൽപ്പാദകനിൽനിന്നോ, വിതരണക്കാരനിൽനിന്നോ, വിൽപ്പനക്കാരനിൽനിന്നോ ആണ് അയാൾക്ക് ലഭിച്ചതെന്നും ;

(ഖ) മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ ഏതെങ്കിലും വിധത്തിൽ, ആ വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചിരുന്നതായി അയാൾ അറിഞ്ഞില്ലെന്നും ന്യായമായ ശ്രദ്ധയോടു അന്വേഷിച്ചറിയാൻ കഴിഞ്ഞില്ലെന്നും ;

(ഗ) മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ തൻെറ കൈവശത്തായിരുന്നപ്പോൾ ശരിയായി സംഭരിച്ചുവച്ചിരുന്നുവെന്നും അത് തനിക്ക് ലഭിച്ചപ്പോൾ ഉള്ള അതേ അവസ്ഥയിൽതന്നെ ഇരുന്നുവെന്നും ;

തെളിയിക്കുകയാണെങ്കിൽ, അയാൾ 18-ാം വകുപ്പിൻെറ ലംഘനത്തിന് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

**ഗവൺമെൻറ് അനലിസ്ററുകൾ.**

20. (1) സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ളവരായ അതിനു യുക്തമെന്നു തോന്നുന്ന ആളുകളെ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന സ്റേററിലെ സ്ഥലങ്ങളിലും അങ്ങനെയുള്ള മരുന്നുകളേയോ മരുന്നുകളുടെ വിഭാഗത്തേയോ അല്ലെങ്കിൽ അങ്ങനെയുള്ള സൗന്ദര്യവർദ്ധക വസ്തുക്കളേയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിഭാഗത്തേയോ സംബന്ധിച്ചും ഗവൺമെൻറ് അനലിസ്ററുകളായി നിയമിക്കാവുന്നതാണ്.

(2) കേന്ദ്ര-ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ളവരായ അതിനു യുക്തമെന്നു തോന്നുന്ന ആളുകളെ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന മരുന്നുകളേയോ മരുന്നുകളുടെ വിഭാഗത്തേയോ സൗന്ദര്യവർദ്ധക വസ്തുക്കളേയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിഭാഗത്തേയോ സംബന്ധിച്ച് ഗവൺമെൻറ് അനലിസ്ററുകളായി നിയമിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര ഗവൺമെൻേറാ ഒരു സ്റേററ് ഗവൺമെൻേറാ അതിൻെറ കീഴിൽ സേവനമനുഷ്ഠിക്കാത്ത യാതൊരുദ്യോഗസ്ഥനേയും അയാൾ സേവനമനുഷ്ഠിക്കുന്ന ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഗവൺമെൻറ്—അനലിസ്ററായി നിയമിക്കാൻ പാടുള്ളതല്ല.

**ഇൻസ്പെക്ടർമാർ.**

21. (1) കേന്ദ്ര ഗവൺമെൻേറാ ഒരു സ്റേററ് ഗവൺമെൻേറാ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ളവരായ അതിനു യുക്തമെന്നു തോന്നുന്ന ആളുകളെ, അതതു സംഗതിപോലെ, കേന്ദ്രഗവൺമെൻേറാ സ്റേററ് ഗവൺമെൻേറാ അവർക്ക് വേർതിരിച്ചു കൊടുക്കാവുന്ന പ്രദേശങ്ങളിൽ ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതാണ്.

(2) ഒരു ഇൻസ്പെക്ടർക്ക് പ്രയോഗിക്കാവുന്ന അധികാരങ്ങളും നിർവ്വഹിക്കാവുന്ന ചുമതലകളും അങ്ങനെയുള്ള അധികാരങ്ങളും, ചുമതലകളും,

ഏതെല്ലാം മരുന്നുകളോ മരുന്നുകളുടെ വിഭാഗങ്ങളോ അല്ലെങ്കിൽ ഏതെല്ലാം സൗന്ദര്യവർദ്ധകവസ്തുക്കളോ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിഭാഗങ്ങളോ സംബന്ധിച്ചും ഏതെല്ലാം വ്യവസ്ഥകൾക്കും, പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും ആണ് പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതെന്നുള്ളതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) മരുന്നുകളുടേയോ, സൗന്ദര്യവർദ്ധക വസ്തുക്കളുടെയോ ഇറക്കുമതിയിലോ ഉൽപ്പാദനത്തിലോ വിൽപ്പനയിലോ ഏതെങ്കിലും ധനപരമായ താൽപ്പര്യമുള്ള യാതൊരാളും ഈ വകുപ്പിൻകീഴിൽ ഇൻസ്പെക്ടറായി നിയമിക്കപ്പെടാൻ പാടുള്ളതല്ല.

(4) ഓരോ ഇൻസ്പെക്ടറും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത 21-ാം വകുപ്പിന്റെ അർത്ഥത്തിലുള്ള ഒരു പബ്ലിക് സർവ്വന്റ് ആയി കരുതപ്പെടുന്നതും, അയാളെ നിയമിക്കുന്ന ഗവൺമെന്റ് ഇതിലേക്ക് വിനിർദ്ദേശിക്കാവുന്ന അധികാരസ്ഥാനത്തിന് ഔദ്യോഗികമായി കീഴുദ്യോഗസ്ഥനായിരിക്കുന്നതുമാണ്. (1860-ലെ 45)

22. (1) 23-ാം വകുപ്പിലേയും കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഒരു ഇൻസ്പെക്ടർക്ക് തന്നെ നിയമിച്ചിരിക്കുന്ന തദ്ദേശാധികാരാതിർത്തിക്കുള്ളിൽ— ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.

(ക) ഏതെങ്കിലും മരുന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന പരിസരങ്ങളും 'സിറ' വാക്സിനുകൾ, എന്നിവയുടെയും ആവശ്യത്തിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും മരുന്നുകളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടേയും സംഗതിയിൽ, പ്ലാന്റും ഉൽപ്പാദനപ്രക്രിയയും മരുന്നിന്റെ ഗുണമാനകീകരണത്തിനും പരീക്ഷണത്തിനും ഉപയോഗിച്ചിട്ടുള്ള ഉപാധികളും പരിശോധിക്കാവുന്നതും ;

(ഖ) ഉൽപ്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ, വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നതോ വിൽപ്പനയ്ക്ക് സംഭരിച്ചിട്ടുള്ളതോ പ്രദർശിപ്പിച്ചിട്ടുള്ളതോ വിതരണം നടത്തിക്കൊണ്ടിരിക്കുന്നതോ ആയ ഏതെങ്കിലും മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സാമ്പിളുകൾ എടുക്കാവുന്നതും ;

(ഗ) ന്യായമായ എല്ലാ സമയങ്ങളിലും അയാൾ ആവശ്യമെന്ന് കരുതുന്ന ഏതെങ്കിലും സഹായത്തോടുകൂടി ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഒരു കുറ്റം ചെയ്തിട്ടുണ്ടെന്നോ ചെയ്തുകൊണ്ടിരിക്കുന്നുവെന്നോ അയാൾക്ക് വിശ്വസിക്കുവാൻ കാരണമുള്ള സ്ഥലത്ത് പ്രവേശിക്കാവുന്നതും ശോധന നടത്താവുന്നതും ഏതു മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ചാണോ കുറ്റം ചെയ്യപ്പെട്ടിരിക്കുകയോ ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്നത് അങ്ങനെയുള്ള ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ കൈവശം വച്ചിട്ടുള്ള ആൾക്ക് അങ്ങനെയുള്ള മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സംഭരണം ഇരുപതു ദിവസത്തിൽ കവിയാത്ത ഒരു വിനിർദ്ദിഷ്ട കാലത്തേക്ക്, കൈ ഒഴിക്കരുതെന്ന് രേഖാമൂലം ഉത്തരവു കൊടുക്കാവുന്നതും, അല്ലെങ്കിൽ, ആരോപിക്കപ്പെട്ട കുറ്റം, മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ കൈവശക്കാരന്, അതിന്റെ ന്യൂനത നീക്കം ചെയ്യാവുന്ന വിധത്തിലുള്ളതല്ലാത്ത പക്ഷം അങ്ങനെയുള്ള മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സംഭരണം പിടിച്ചെടുക്കാവുന്നതും ;

(ഗഗ) (ഗ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സ്ഥലത്തു കാണുന്ന ഏതെങ്കിലും റെക്കാർഡോ രജിസ്ററോ രേഖയോ മറ്റേതെങ്കിലും ലക്ഷ്യ വസ്തുവോ പരിശോധിക്കാവുന്നതും ഈ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തതിനുള്ള തെളിവ് അത് നൽകുമെന്ന് വിശ്വസിക്കാൻ അയാൾക്ക് കാരണം ഉണ്ടെങ്കിൽ, അതു പിടിച്ചെടുക്കാവുന്നതും ;

(ഘ) ഈ അദ്ധ്യായത്തിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലേയോ ആവശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായേക്കാവുന്ന മററു അധികാരങ്ങൾ പ്രയോഗിക്കാവുന്നതുമാകുന്നു.

(2) ക്രിമിനൽ നടപടി നിയമസംഹിത 1898-ലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, മേൽപ്പറഞ്ഞ നിയമസംഹിത, 98-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു വാറണ്ടിന്റെ പ്രാധികാരത്തിൻകീഴിൽ നടത്തിയ ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ അവ ബാധകമാകുന്നതുപോലെ, ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതാണ്.

(3) ഏതെങ്കിലും ആൾ, ഒരു ഇൻസ്പെക്ടറെ ഈ അദ്ധ്യായത്താലോ അതിൻകീഴിലോ നല്കപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ മന:പൂർവ്വം തടസ്സപ്പെടുത്തുകയാണെങ്കിൽ അയാൾ മൂന്നുവർഷത്തോളമാകാവുന്ന തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

23. (1) ഈ അദ്ധ്യായത്തിൻകീഴിൽ, ഒരു ഇൻസ്പെക്ടർ മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ ഏതെങ്കിലും സാമ്പിൾ എടുക്കുന്നിടത്ത് അയാൾ അതിന്റെ ന്യായമായ വില വച്ചുനീട്ടേണ്ടതും ആയതിന് ലിഖിതമായ പററുശീട്ട് ആവശ്യപ്പെടാവുന്നതുമാണ്. ഇൻസ്പെക്ടർമാരുടെ നടപടിക്രമം.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ വച്ചുനീട്ടിയ വില നിരസിക്കപ്പെടുന്നിടത്തോ അല്ലെങ്കിൽ 22-ാം വകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിൽ ഇൻസ്പെക്ടർ ഏതെങ്കിലും മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സംഭരണം പിടിച്ചെടുക്കുന്നിടത്തോ അയാൾ അതിന് നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു രസീത് നൽകേണ്ടതാണ്.

(3) ഒരു ഇൻസ്പെക്ടർ ഒരു മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സാമ്പിൾ പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ എടുക്കുമ്പോൾ, അയാൾ അങ്ങനെയുള്ള ആവശ്യം അത് ആരിൽനിന്ന് എടുക്കുന്നുവോ ആ ആളെ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ലിഖിതമായി അറിയിക്കേണ്ടതും, അയാൾ മനഃപൂർവ്വം ഒഴിഞ്ഞുമാറി നിൽക്കാത്തപക്ഷം, അങ്ങനെയുള്ള ആളുടെ സാന്നിദ്ധ്യത്തിൽ, സാമ്പിൾ നാലുഭാഗമായി വീതിക്കേണ്ടതും അവ ഫലപ്രദമായി മുദ്ര വയ്ക്കുകയും അനുയോജ്യമായി അടയാളപ്പെടുത്തുകയും അങ്ങനെയുള്ള ആളെ അയാളുടെ സ്വന്തം മുദ്രകൂടി വയ്ക്കുന്നതിനും അപ്രകാരം മുദ്ര വയ്ക്കുകയും അടയാളപ്പെടുത്തുകയും ചെയ്ത ഭാഗങ്ങളിൽ എല്ലാത്തിലുമോ അവയിൽ ഏതിലെങ്കിലുമോ അടയാളപ്പെടുത്തുന്നതിനും അനുവദിക്കുകയും ചെയ്യേണ്ടതുമാകുന്നു :

എന്നാൽ, സാമ്പിൾ മരുന്നോ, സൗന്ദര്യവർദ്ധക വസ്തുവോ ഉല്പാദിപ്പിക്കപ്പെടുന്ന പരിസരങ്ങളിൽനിന്ന് എടുക്കുന്നിടത്ത്, സാമ്പിൾ മൂന്നുഭാഗമായി മാത്രം വീതിച്ചാൽ മതിയാകുന്നതാണ് :

എന്നുമാത്രമല്ല, മരുന്നോ, സൗന്ദര്യവർദ്ധകവസ്തുവോ ചെറിയ അളവിലുള്ള പാത്രങ്ങളിൽ വച്ചിരിക്കുന്നിടത്ത്, ഒരു സാമ്പിൾ മേല്പറഞ്ഞപ്രകാരം ഭാഗിക്കുന്നതിനുപകരം, ഇൻസ്പെക്ടർക്ക് അതതു സംഗതിപോലെ, മേൽപ്പറഞ്ഞ പാത്രങ്ങളിൽ മൂന്നോ നാലോ എണ്ണം അനുയോജ്യമായി അടയാളപ്പെടുത്തിയും, ആവശ്യമുള്ളിടത്ത്, മുദ്ര ചെയ്തും എടുക്കാവുന്നതും, എന്നാൽ ആ മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ നശിക്കുകയോ തുറന്നുവയ്ക്കുന്നതു നിമിത്തം മററു വിധത്തിൽ കേടുസംഭവിക്കുകയോ ചെയ്യാൻ സാദ്ധ്യതയുള്ളതാണെങ്കിൽ ഇൻസ്പെക്ടർ മേൽപ്പറഞ്ഞ പ്രകാരം ചെയ്യേണ്ടതുമാണ്.

(4) ഇൻസ്പെക്ടർ, അതതു സംഗതിപോലെ, അപ്രകാരം ഭാഗിച്ച സാമ്പിളിന്റെ ഒരു ഭാഗമോ അല്ലെങ്കിൽ ഒരു പാത്രമോ, ആരിൽനിന്ന് എടുത്തുവോ അയാൾക്ക് തിരിച്ചുകൊടുക്കേണ്ടതും, ബാക്കിയുള്ളവ കൈവശം വച്ചുകൊണ്ട് താഴെ പറയും പ്രകാരം കയ്യൊഴിക്കേണ്ടതുമാണ്.

(i) ഒരുഭാഗമോ, പാത്രമോ ഗവൺമെന്റ് അനലിസ്ററിന് പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ ഉടനടി അയച്ചുകൊടുക്കേണ്ടതും ;

(ii) മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ സംബന്ധിച്ച് കോടതിയിൽ ഏതെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ രണ്ടാമത്തേത് അയാൾ ആ കോടതിയിൽ ഹാജരാക്കേണ്ടതും,

(iii) മൂന്നാമത്തേത് എടുത്തിട്ടുള്ളിടത്ത്, 18 ക വകുപ്പിൻകീഴിൽ പേരും മേൽവിലാസവും മററുവിവരങ്ങളും വെളിപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾ ഉണ്ടെങ്കിൽ അയാൾക്ക് അയച്ചുകൊടുക്കേണ്ടതും;

ആകുന്നു.

(5) 22-ാം വകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ ഇൻസ്പെക്ടർ ഏതെങ്കിലും നടപടി എടുക്കുന്നിടത്ത്—

(ക) 18-ാം വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ആ മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ ലംഘിക്കുന്നോ ഇല്ലയോ എന്ന് ഏററവും വേഗത്തിൽ അന്വേഷിച്ചറിയേണ്ടതും, മരുന്നോ സൗന്ദര്യവർദ്ധകവസ്തുവോ അപ്രകാരം ലംഘിക്കുന്നില്ലെന്ന് അന്വേഷിച്ചറിയുകയാണെങ്കിൽ, അതതു സംഗതിപോലെ, മേൽപ്പറഞ്ഞ ഖണ്ഡത്തിൻ കീഴിൽ പാസ്സാക്കിയ ഉത്തരവ് ഉടനടി പിൻവലിക്കുകയോ, പിടിച്ചെടുത്ത സ്റേറാക്ക് തിരിച്ചുകൊടുക്കുന്നതിന് ആവശ്യകമാകാവുന്ന നടപടികൾ എടുക്കുകയോ ചെയ്യേണ്ടതും ;

(ഖ) അയാൾ മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സ്റേറാക്കു പിടിച്ചെടുക്കുകയാണെങ്കിൽ, അയാൾ ആകുന്നത്ര വേഗത്തിൽ ഒരു മജിസ്ട്രേട്ടിനെ അറിയിക്കേണ്ടതും അതിന്റെ സൂക്ഷിപ്പു സംബന്ധിച്ച് ഉത്തരവുകൾ വാങ്ങേണ്ടതും ;

(ഗ) ഏതെങ്കിലും പ്രോസിക്യൂഷൻ ആരംഭിക്കുന്നതിന് ഭംഗംവരാതെ, മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ കൈവശക്കാരനാൽ ന്യൂനത പരിഹരിക്കാവുന്ന വിധത്തിലുള്ളതാണ് ആരോപിക്കപ്പെട്ട ലംഘനമെങ്കിൽ ആ ന്യൂനത അപ്രകാരം പരിഹരിക്കപ്പെട്ടുവെന്ന് ബോദ്ധ്യമായാൽ മേല്പറഞ്ഞ ഖണ്ഡത്തിൻ കീഴിലുള്ള അയാളുടെ ഉത്തരവ് ഉടനടി പിൻവലിക്കാവുന്നതും ;

ആകുന്നു.

(6) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗഗ) ഖണ്ഡത്തിൻകീഴിൽ ഒരു ഇൻസ്പെക്ടർ ഏതെങ്കിലും റിക്കാർഡോ രജിസ്ററോ രേഖയോ മറേറതെങ്കിലും ലക്ഷ്യവസ്തുവോ പിടിച്ചെടുക്കുകയാണെങ്കിൽ, അയാൾ ആകുന്നത്ര വേഗത്തിൽ, ഒരു മജിസ്ട്രേട്ടിനെ അറിയിക്കേണ്ടതും അതിന്റെ സൂക്ഷിപ്പു സംബന്ധിച്ച് ഉത്തരവുകൾ വാങ്ങേണ്ടതുമാണ്.

**മരുന്നുകളോ സൗന്ദര്യ വർദ്ധക വസ്തുക്കളോ ഉത്പാദിപ്പിക്കുന്നതോ, സൂക്ഷിക്കുന്നതോ, ആയ സ്ഥലം വെളിപ്പെടുത്തുവാൻ ബാദ്ധ്യസ്ഥരായ ആളുകൾ.**

24. ഏതെങ്കിലും മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ ഉല്പാദിപ്പിക്കുന്നതോ, വില്പനക്കോ വിതരണത്തിനോ സൂക്ഷിക്കുന്നതോ ആയ ഏതെങ്കിലും പരിസരങ്ങളുടെ തത്ക്കാല ചുമതലയുള്ള ഏതൊരാളും അപ്രകാരം ചെയ്യുന്നതിന് ഒരു ഇൻസ്പെക്ടർ ആവശ്യപ്പെടുന്നതിൻമേൽ മരുന്നോ സൗന്ദര്യ വർദ്ധക വസ്തുവോ, അതതു സംഗതിപോലെ, ഉല്പാദിപ്പിക്കുന്നതോ സൂക്ഷിക്കുന്നതോ ആയ സ്ഥലം ഇൻസ്പെക്ടറോട് വെളിപ്പെടുത്തുവാൻ നിയമാനുസരണം ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

**ഗവൺമെൻറ് അനലിസ്ററുകളുടെ റിപ്പോർട്ടുകൾ.**

25. (1) 23-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൻകീഴിൽ പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ ഏതെങ്കിലും മരുന്നിൻേറയോ സൗന്ദര്യവർദ്ധക വസ്തുവിൻേറയോ സാമ്പിൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത് ആർക്കാണോ, ആ ഗവൺമെൻറ് അനലിസ്ററ് അത് സമർപ്പിക്കുന്ന ഇൻസ്പെക്ടർക്ക് നിശ്ചിതഫോറത്തിൽ, റിപ്പോർട്ടിൻെറ ഒപ്പിട്ട മൂന്നു പകർപ്പുകൾ നല്കേണ്ടതാണ്.

(2) അത് ലഭിച്ചാൽ, ഇൻസ്പെക്ടർ, സാമ്പിൾ ആരിൽനിന്നും എടുത്തുവോ ആ ആൾക്ക് റിപ്പോർട്ടിൻെറ ഒരു പകർപ്പും, മററൊരു പകർപ്പ് 18 ക വകുപ്പിൻകീഴിൽ പേരും മേൽവിലാസവും മററു വിവരങ്ങളും വെളിപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾ ഉണ്ടെങ്കിൽ അയാൾക്കും നല്കേണ്ടതും, സാമ്പിൾ സംബന്ധിച്ചുള്ള ഏതെങ്കിലും പ്രോസിക്യൂഷനിൽ ഉപയോഗിക്കുന്നതിന് മൂന്നാമത്തെ പകർപ്പ് കൈവശം വയ്ക്കേണ്ടതുമാണ്.

(3) ഈ അദ്ധ്യായത്തിൻകീഴിൽ ഗവൺമെൻറ് അനലിസ്ററ് ഒപ്പുവച്ച ഒരു റിപ്പോർട്ടാണെന്ന് കരുതപ്പെടുന്ന ഏതെങ്കിലും രേഖ അതിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ തെളിവായിരിക്കുന്നതും സാമ്പിൾ ആരിൽനിന്നും എടുത്തുവോ ആ ആളോ 18 ക. വകുപ്പിൻകീഴിൽ പേരും മേൽവിലാസവും മററുവിവരങ്ങളും വെളിപ്പെടുത്തിയിട്ടുള്ള ആളോ റിപ്പോർട്ടിൻെറ ഒരു പകർപ്പു കിട്ടി ഇരുപത്തിഎട്ടു ദിവസത്തിനുള്ളിൽ ഇൻസ്പെക്ടറേയോ സാമ്പിൾ സംബന്ധിച്ചുള്ള ഏതെങ്കിലും നടപടികൾ നിലവിലുള്ള കോടതിയേയൊ അയാൾ റിപ്പോർട്ടിനു വിപരീതമായി തെളിവു കൊടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് രേഖാമൂലം അറിയിക്കാത്തപക്ഷം, അങ്ങനെയുള്ള തെളിവ് നിശ്ചായകമായിരിക്കുന്നതുമാണ്.

(4) ഒരാൾ, (3)-ാം ഉപവകുപ്പിൻകീഴിൽ ഗവൺമെൻറ് അനലിസ്ററിൻെറ റിപ്പോർട്ടിനെതിരായി തെളിവു നല്കുന്നതിനുള്ള അയാളുടെ ഉദ്ദേശം അറിയിച്ചിട്ടുള്ളിടത്ത് കേന്ദ്ര ഔഷധ പരീക്ഷണശാലയിൽ സാമ്പിൾ പരിശോധിക്കുകയോ വിശ്ലേഷണം ചെയ്യുകയോ ചെയ്തുകഴിഞ്ഞിട്ടില്ലാത്തപക്ഷം കോടതി സ്വമേധയാ അല്ലെങ്കിൽ പരാതിക്കാരൻെറയോ കുററക്കാരൻെറയോ അപേക്ഷയിൻമേൽ കോടതിയുടെ വിവേചനത്തിലോ 23-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൻകീഴിൽ മജിസ്ട്രേട്ടിൻെറ മുൻപാകെ ഹാജരാക്കിയിട്ടുള്ള മരുന്നിൻേറയോ സൗന്ദര്യവർദ്ധക വസ്തുവിൻെറയോ സാമ്പിൾ മേല്പറഞ്ഞ പരീക്ഷണശാലയ്ക്ക് പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ അയപ്പിക്കേണ്ടതും, പരീക്ഷണശാല, പരിശോധനയോ വിശ്ലേഷണമോ നടത്തേണ്ടതും, അതിൻെറ ഫലം കേന്ദ്ര പരീക്ഷണശാല ഡയറക്ടറോ അല്ലെങ്കിൽ അയാളുടെ പ്രാധികാരത്തിൻ കീഴിലോ എഴുതി ഒപ്പിട്ട് റിപ്പോർട്ട്ചെയ്യേണ്ടതും, അങ്ങനെയുള്ള റിപ്പോർട്ട് അതിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ നിശ്ചായകത്തെളിവായിരിക്കുന്നതുമാണ്.

(5) കേന്ദ്ര പരീക്ഷണശാല (4)-ാം ഉപവകുപ്പിൻകീഴിൽ നടത്തുന്ന ഒരു പരിശോധനയുടെയോ വിശ്ലേഷണത്തിൻെറയോ ചെലവ്, കോടതി നിദേശിക്കുന്നപോലെ പരാതിക്കാരനോ കുററക്കാരനോ കൊടുക്കേണ്ടതാണ്.

**മരുന്നോ സൗന്ദര്യ വർദ്ധക വസ്തുവോ വാങ്ങിയ ആൾക്ക് പരിശോധനയോ വിശ്ലേഷണമോ ലഭ്യമാക്കിക്കൊടുക്കൽ.**

26. ഏതൊരാൾക്കും, നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള അപേക്ഷയിൻമേലും നിർണ്ണയിക്കപ്പെട്ട ഫീസ് നല്കിയതിൻമേലും അയാൾ വാങ്ങിയ മരുന്നോ സൗന്ദര്യ വർദ്ധക വസ്തുവോ പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ ഗവൺമെൻറ് അനലിസ്ററിന് സമർപ്പിക്കുവാനും അങ്ങനെയുള്ള പരിശോധനയുടെയോ വിശ്ലേഷണത്തിൻെറയോ, ഗവൺമെൻറ് അനലിസ്ററ് ഒപ്പിട്ട റിപ്പോർട്ട് ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

**ഈഅദ്ധ്യായം ലംഘിച്ചുകൊണ്ടുള്ള മരുന്നുകളുടെ ഉല്പാദനത്തിനും വില്പനയ്ക്കും മററുമുള്ള ശിക്ഷ.**

27. (ക) (i) 17-ാം വകുപ്പ്, (ക) ഖണ്ഡത്തിൻേറയോ (ഖ) ഖണ്ഡത്തിൻെറയോ (ഗ) ഖണ്ഡത്തിൻെറയോ (ഘ) ഖണ്ഡത്തിൻെറയോ (ച) ഖണ്ഡത്തിൻെറയോ (ഛ) ഖണ്ഡത്തിൻെറയോ കീഴിൽ തെററായി മുദ്രണം ചെയ്തതോ 17 ഖ വകുപ്പിൻ കീഴിൽ മായം ചേർത്തതോ ആയി കരുതപ്പെടുന്നതോ ; അല്ലെങ്കിൽ

(ii) 18-ാം വകുപ്പ്, (ഗ) ഖണ്ഡത്തിൻകീഴിൽ ആവശ്യപ്പെട്ട
പ്രകാരമുള്ള സാധുവായ ലൈസൻസ് ഇല്ലാതെയോ ;
ഏതെങ്കിലും മരുന്ന്, ഏതൊരാളാണോ നേരിട്ടോ തനിക്കുവേണ്ടി മററൊരാം
മുഖേനയോ വില്പനയ്ക്കായി ഉത്പാദിപ്പിക്കുകയോ വില്ക്കുകയോ, വില്പ
നക്കായി സംഭരിക്കുകയോ പ്രദർശിപ്പിക്കുകയോ, വിതരണം ചെയ്യുകയോ,
ചെയ്യുന്നത്, അയാറം, ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ പത്തുവർഷത്തോള
മാകാവുന്നതും ആയ കാലത്തേയ്ക്കുള്ള തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും,
പിഴശിക്ഷയ്ക്കു അർഹനായിരിക്കുന്നതുമാണ് :

എന്നാൽ കോടതിക്ക് എഴുതി രേഖപ്പെടുത്തുന്ന ഏതെങ്കിലും പ്രത്യേക കാരണ
ങ്ങളാൽ ഒരു വർഷത്തിൽ കുറഞ്ഞ തടവു ശിക്ഷ ചുമത്താവുന്നതാ ന്ന് ;

(ഖ) ഈ അദ്ധ്യായത്തിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും
ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകറം ലംഘിച്ചുകൊണ്ട് (ക) ഖണ്ഡത്തിൽ
പരാമർശിച്ചിട്ടുള്ള മരുന്നല്ലാത്ത ഏതെങ്കിലും മരുന്ന് ഏതൊരാളാണോ നേരിട്ടോ,
തനിക്കുവേണ്ടി മറേറതെങ്കിലും ആറം മുഖേനയോ വില്പനയ്ക്കുവേണ്ടി ഉല്പാദി
പ്പിക്കുകയോ വില്ക്കുകയോ വില്പനയ്ക്കായി സംഭരിക്കുകയോ പ്രദർശിപ്പിക്കു
കയോ വിതരണം നടത്തുകയോ ചെയ്യുന്നത്, ആ ആറം, മൂന്നുവർഷത്തോളമാകാവുന്ന
കാലത്തേയ്ക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും
കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

ഈ അദ്ധ്യായം ലംഘിച്ചുകൊണ്ടുള്ള സൗന്ദര്യ വർദ്ധക വസ്തുക്കളുടെ ഉല്പാദനത്തിനും വില്പനക്കും മററുമുള്ള ശിക്ഷ.

27 ക. ഏതൊരാളാണോ, നേരിട്ടോ തനിക്കുവേണ്ടി മറേറതെങ്കിലും ആറം
മുഖേനയോ, ഈ അദ്ധ്യായത്തിലെയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ട
ത്തിലെയോ ഏതെങ്കിലും വ്യവസ്ഥകറം ലംഘിച്ചുകൊണ്ട് ഏതെങ്കിലും സൗന്ദര്യ
വർദ്ധക വസ്തു വില്പനക്കുവേണ്ടി ഉല്പാദിപ്പിക്കുകയോ വില്ക്കുകയോ
വില്പനയ്ക്കായി സംഭരിക്കുകയോ പ്രദർശിപ്പിക്കുകയോ, വിതരണം നടത്തുകയോ
ചെയ്യുന്നത്, അയാറം, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവു
ശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും
കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

ഉല്പാദകന്റെ പേരും മററും വെളിപ്പെടുത്താത്തതിനുള്ള ശിക്ഷ.

28. ഏതൊരാളാണോ 18 ക. വകുപ്പിലെ വ്യവസ്ഥകറം ലംഘിക്കുന്നത്
അയാറം, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ
അഞ്ഞൂറുരുപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി
ശിക്ഷിക്കപ്പെടുന്നതാണ്.

ഗവൺമെൻറ്-അനലിസ്ററിന്റെ റിപ്പോർട്ട് പരസ്യത്തിനു ഉപയോഗിച്ചാലുള്ള ശിക്ഷ.

29. കേന്ദ്ര ഔഷധ പരീക്ഷണശാലയുടെയോ ഒരു ഗവൺമെൻറ് അന
ലിസ്ററിന്റെയോ പരിശോധനയുടേയോ വിശ്ലേഷണത്തിന്റെയോ റിപ്പോർട്ടോ
അങ്ങനെയുള്ള റിപ്പോർട്ടിൽനിന്ന് ഏതാനും ഭാഗമോ ഏതെങ്കിലും മരുന്നിന്റെയോ
സൗന്ദര്യവർദ്ധകവസ്തുവിന്റെയോ പരസ്യത്തിന് ഉപയോഗിക്കുന്ന ഏതൊരാളും
അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

വീണ്ടും ചെയ്യുന്ന കുററങ്ങറക്കുള്ള ശിക്ഷ

30. (i) ഏതൊരാളാണോ—

(ക) 27-ാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ഉള്ള ഒരു കുററത്തിന്
കുററസ്ഥാപനം ചെയ്യപ്പെട്ടശേഷം ആ ഖണ്ഡത്തിൻകീഴിൽ ഒരു കുററത്തിന്
വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്നത് അയാറം രണ്ടുവർഷത്തിൽ കുറയാത്തതും
എന്നാൽ പത്തുവർഷത്തോളമാകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവുശിക്ഷ
നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതു
മാണ് :

എന്നാൽ കോടതിക്ക്, എഴുതിരേഖപ്പെടുത്തുന്ന ഏതെങ്കിലും പ്രത്യേക കാരണ
ങ്ങളാൽ, രണ്ടുവർഷത്തിൽ കുറഞ്ഞ തടവുശിക്ഷ ചുമത്താവുന്നതാണ്.

(ഖ) ഏതൊരാളാണോ 27-ാം വകുപ്പ്, (ഖ) ഖണ്ഡത്തിൻകീഴിൽ ഒരു
കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടശേഷം ആ ഖണ്ഡത്തിൻകീഴിൽ ഒരു
കുററത്തിന് വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്നത് അയാറം, 10 വർഷത്തോള
മാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ രണ്ടും
കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(1 ക) 27 ക വകുപ്പിൻകീഴിലുള്ള ഒരു കുററത്തിന് കുററസ്ഥാപനം
ചെയ്യപ്പെട്ട ഒരാറം, ആ വകുപ്പിൻകീഴിൽ വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുക
യാണെങ്കിൽ, അയാറം, രണ്ടുവർഷത്തോളമാകാവുന്ന തടവുശിക്ഷയോ, ആയിരം
രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷി
ക്കപ്പെടുന്നതാണ്.

(2) 29-ാം വകുപ്പിൻകീഴിലുള്ള ഒരു കുററത്തിന് കുററസ്ഥാപനം
ചെയ്യപ്പെട്ട ഒരാറം, അതേ വകുപ്പിൻകീഴിലുള്ള ഒരു കുററത്തിന് വീണ്ടും കുററസ്ഥാ
പനം ചെയ്യപ്പെടുകയാണെങ്കിൽ അയാറം പത്തുവർഷത്തോളമാകാവുന്ന തടവു
ശിക്ഷയോ, പിഴശിക്ഷയോ; അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്ന
താണ്.

31. ഈ അദ്ധ്യായത്തിലേയോ ഇതിലേക്ക് ഉണ്ടാക്കിയ ചട്ടങ്ങളാൽ വിനിർദ്ദേശിക്കാവുന്ന അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ, ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനത്തിന് ഏതെങ്കിലും ആൾ ഈ അദ്ധ്യായത്തിൻകീഴിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, ഏത് മരുന്നിന്റെയോ സൗന്ദര്യവർദ്ധക വസ്തുവിന്റെയോ സംഭരണം സംബന്ധിച്ചാണോ ആ ലംഘനം ഉണ്ടായത് ആ സംഭരണം കണ്ടുകെട്ടലിന് വിധേയമായിരിക്കുന്നതും ; കണ്ടുകെട്ടൽ.

- അങ്ങനെയുള്ള ലംഘനം—

(i) 17-ാം വകുപ്പ്, (ക) ഖണ്ഡത്തിന്റെയോ, (ഖ) ഖണ്ഡത്തിന്റെയോ, (ഗ) ഖണ്ഡത്തിന്റെയോ, (ഘ) ഖണ്ഡത്തിന്റെയോ (ച) ഖണ്ഡത്തിന്റെയോ, (ഛ) ഖണ്ഡത്തിന്റെയോ കീഴിൽ തെററായി മുദ്രണം ചെയ്തതോ അല്ലെങ്കിൽ 17 ഖ വകുപ്പിൻകീഴിൽ മായം ചേർത്തതോ ആയി കരുതപ്പെടാവുന്ന ഏതെങ്കിലും മരുന്നിന്റെ ഉല്പാദനമോ ;

(ii) 18-ാം വകുപ്പ്, (ഗ) ഖണ്ഡത്തിൻകീഴിൽ ആവശ്യകമായ ഒരു നിയമാനുസൃത ലൈസൻസ് ഇല്ലാതെ വില്പനയ്ക്കായി ഉല്പാദിപ്പിക്കുന്നതോ, വില്ക്കുന്നതോ, വില്പനയ്ക്കായി സംഭരിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതോ വിതരണം ചെയ്യുന്നതോ, സംബന്ധിച്ചാണെങ്കിൽ, അങ്ങനെയുള്ള ഉല്പാദനത്തിലോ വില്പനയിലോ വിതരണത്തിലോ ഉപയോഗിച്ചിട്ടുള്ള ഉപകരണങ്ങളും യന്ത്രസാമഗ്രികളും, അങ്ങനെയുള്ള മരുന്ന് അടങ്ങിയിട്ടുള്ള ഏതെങ്കിലും പാത്രങ്ങളോ, പാക്കേജുകളോ, ആവരണങ്ങളോ അവയും, അങ്ങനെയുള്ള മരുന്ന് വഹിച്ചുകൊണ്ടുപോകുന്നതിന് ഉപയോഗിച്ചിട്ടുള്ള മൃഗങ്ങളോ, വാഹനങ്ങളോ, ജലയാനങ്ങളോ മററ് യാനകങ്ങളോ, അവയും കൂടി കണ്ടുകെട്ടലിന് വിധേയമാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥയ്ക്ക് ഭംഗംവരാതെ, ഒരു ഇൻസ്പെക്ടറുടെ അപേക്ഷയിന്മേലോ മററുവിധത്തിലോ, ആവശ്യമായേക്കാവുന്ന അന്വേഷണ വിചാരണക്കുശേഷം മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ ഗുണമാനകമില്ലാത്തതാണെന്നോ തെററായി മുദ്രണം ചെയ്തതോ മായം ചേർത്തതോ ആയ മരുന്നോ അല്ലെങ്കിൽ തെററായി മുദ്രണം ചെയ്ത സൗന്ദര്യവർദ്ധക വസ്തുവോ ആണെന്നോ കോടതിക്ക് ബോദ്ധ്യപ്പെടുന്നിടത്ത്, അതതു സംഗതി പോലെ, അങ്ങനെയുള്ള മരുന്നോ, അങ്ങനെയുള്ള സൗന്ദര്യ വർദ്ധക വസ്തുവോ കണ്ടുകെട്ടലിന് വിധേയമാകുന്നതാണ്.

31 ക. 31-ാം വകുപ്പിലടങ്ങിയിട്ടുള്ളവയൊഴികെ, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, മറേറതെങ്കിലും ആളാലുള്ള മരുന്നുകളുടെ ഉല്പാദനത്തേയോ വില്പനയെയോ വിതരണത്തേയോ സംബന്ധിച്ച് അവ ബാധകമാകുന്നതുപോലെ, ഗവൺമെന്റിന്റെ ഏതെങ്കിലും വകുപ്പിനാലുള്ള മരുന്നുകളുടെ ഉല്പാദനത്തെയോ വില്പനയെയോ വിതരണത്തെയോ സംബന്ധിച്ചും ബാധകമായിരിക്കുന്നതാണ്. ഗവൺമെന്റു ഡിപ്പാർട്ടുമെന്റുകൾക്ക് വ്യവസ്ഥകൾ ബാധകമാക്കൽ.

32. (1) ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഒരു പ്രോസിക്യൂഷൻ ഒരു ഇൻസ്പെക്ടർ അല്ലാത്ത മററാരും ആരംഭിക്കുവാൻ പാടുള്ളതല്ല. കുററങ്ങൾ വിചാരണയ്ക്കെടുക്കൽ.

(2) ഈ അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടുന്ന കുററം പ്രസിഡൻസി മജിസ്ട്രേട്ടിന്റേയോ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റേയോ കോടതിയുടെ പദവിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണചെയ്യാൻ പാടുള്ളതല്ല.

(3) ഈ അദ്ധ്യായത്തിലടങ്ങിയിട്ടുള്ള യാതൊന്നും ഈ അദ്ധ്യായത്തിനെതിരായി ഒരു കുററമായിത്തീരുന്ന ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപനത്തിനോ ഏതെങ്കിലും ആളെ മറേറതെങ്കിലും നിയമത്തിൻകീഴിൽ പ്രോസിക്യൂട്ട് ചെയ്യുന്നതിൽ നിന്ന് തടയുന്നതായി കരുതാൻ പാടുള്ളതല്ല.

32 ക. ഒരു മരുന്നിന്റേയോ സൗന്ദര്യവർദ്ധക വസ്തുവിന്റേയോ ഉല്പാദകനോ അതിന്റെ വിതരണത്തിനുള്ള അയാളുടെ ഏജന്റോ അല്ലാത്ത ഏതെങ്കിലും ആൾ ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെട്ടിട്ടുള്ള ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും കുററത്തിന്റെ വിചാരണക്കിടയിലുള്ള ഏതെങ്കിലും സമയത്ത്, കോടതി മുൻപാകെ ഹാജരാക്കിയിട്ടുള്ള തെളിവിൻമേൽ അങ്ങനെയുള്ള ഉല്പാദകനോ ഏജന്റോ ആ കുററകൃത്യവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്ന് കോടതിക്ക് ബോദ്ധ്യമാകുന്നിടത്ത്, കോടതിക്ക് ക്രിമിനൽ നടപടി നിയമസംഹിത, 1898 351-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 32-ാം വകുപ്പിൻകീഴിൽ അയാൾക്കെതിരായി ഒരു പ്രോസിക്യൂഷൻ ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ അയാൾക്കെതിരായി നടപടി എടുക്കാവുന്നതാണ്. ഉല്പാദകനെയുംമററുംകക്ഷി ചേർക്കാൻ കോടതിക്കുള്ള അധികാരം. 1898-ലെ 5

33. (1) കേന്ദ്ര ഗവൺമെന്റ്, ബോർഡുമായി ആലോചിച്ചശേഷവും ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷവും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു പ്രഭാവം നല്കുന്ന ആവശ്യത്തിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് : ചട്ടങ്ങൾ ഉണ്ടാക്കുവാൻ സ്റേറററ് ഗവൺമെന്റിനുള്ള അധികാരം.

എന്നാൽ കേന്ദ്ര ഗവൺമെൻറിന്, അങ്ങനെയുള്ള ആലോചനകൂടാതെ ചട്ടങ്ങൾ ഉണ്ടാക്കുന്നത് ആവശ്യകമാക്കുന്ന സാഹചര്യങ്ങൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ, ബോർഡുമായുള്ള ആലോചന വേണ്ടെന്നുവയ്ക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ, ചട്ടങ്ങൾ ഉണ്ടാക്കി ആറുമാസത്തിനുള്ളിൽ ബോർഡുമായി ആലോചിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച് ബോർഡു പുറപ്പെടുവിക്കാവുന്ന ഏതെങ്കിലും അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെൻറ് പരിഗണിക്കേണ്ടതുമാകുന്നു.

(2) മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതെ, അങ്ങനെയുള്ള ചട്ടങ്ങളിൽ—

(ക) മരുന്നുകളോ സൗന്ദര്യവർദ്ധക വസ്തുക്കളോ പരിശോധിക്കുന്നതിനും വിശ്ലേഷണം ചെയ്യുന്നതിനുമുള്ള, പരീക്ഷണശാലകൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും ;

(ഖ) ഗവൺമെൻറ്—അനലിസ്ററിൻെറ യോഗ്യതകളും ചുമതലകളും ഇൻസ്പെക്ടറൻമാരുടെ യോഗ്യതകളും നിർണ്ണയിക്കാവുന്നതും ;

(ഗ) ഒരു മരുന്നോ സൗന്ദര്യവർദ്ധക വസ്തുവോ ഗുണമാനകമുള്ളതാണോ എന്ന് നിർണ്ണയിക്കുന്നതിന് നടത്തേണ്ട പരിശോധനയുടേയോ വിശ്ലേഷണത്തിൻെറയോ സമ്പ്രദായങ്ങൾ നിർണ്ണയിക്കാവുന്നതും ;

(ഘ) ജൈവികവും കാർബണികധാതവികവുമായ യൗഗികങ്ങൾ സംബന്ധിച്ച് മാനകീകരണത്തിനുള്ള ഏകകങ്ങളോ സമ്പ്രദായങ്ങളോ നിർണ്ണയിക്കാവുന്നതും ;

(ഘഘ) 17 ഖ വകുപ്പ്, (ഘ) ഖണ്ഡത്തിൻ കീഴിൽ, നിറംകൊടുക്കുന്ന ആവശ്യത്തിന് ഒരു മരുന്നു വഹിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യാവുന്ന നിറമോ നിറങ്ങളോ നിർണ്ണയിക്കാവുന്നതും ;

(ങ) മരുന്നുകളുടെയോ ഏതെങ്കിലും വിനിർദ്ദിഷ്ട മരുന്നുകളുടെയോ മരുന്നുകളുടെ വിഭാഗത്തിൻേറയോ സൗന്ദര്യവർദ്ധകവസ്തുക്കളുടെയോ ഏതെങ്കിലും വിനിർദ്ദിഷ്ട സൗന്ദര്യവർദ്ധകവസ്തുക്കളുടെയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിഭാഗത്തിൻേറയോ വില്പനയ്ക്കായുള്ള ഉല്പാദനത്തിനും, വില്പനയ്ക്കും, വിതരണത്തിനും, ഉള്ള ലൈസൻസുകളുടെ ഫാറങ്ങളും, അങ്ങനെയുള്ള ലൈസൻസുകൾക്കുള്ള അപേക്ഷ ഫാറങ്ങളും, അങ്ങനെയുള്ള ലൈസൻസുകൾ ഏതു ഉപാധികൾക്ക് വിധേയമായി നല്കാവുന്നതാണെന്നും, അത് നല്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനവും അതിനു നല്കേണ്ട ഫീസും നിർണ്ണയിക്കാവുന്നതും;

(ച) ഒരു മരുന്ന്, തടയുകയോ ഭേദപ്പെടുത്തുകയോ ശമിപ്പിക്കുകയോ ചെയ്യുമെന്നുദ്ദേശിക്കാത്തതോ അവകാശപ്പെടാത്തതോ ആയ രോഗങ്ങളും അല്ലെങ്കിൽ അസ്വാസ്ഥ്യങ്ങളും കൂടാതെ ഒരു മരുന്നിനുണ്ടെന്നുദ്ദേശിക്കാത്തതോ അവകാശപ്പെടാത്തതോ ആയ മററു ഫലങ്ങളും വിനിർദ്ദേശിക്കാവുന്നതും;

(ഛ) പരിശോധനക്കോ പരീക്ഷണത്തിനോ വിശ്ലേഷണത്തിനോ ചെറിയ അളവിൽ മരുന്നുകൾ ഉല്പാദിപ്പിക്കാവുന്നത് ഏതു ഉപാധികൾക്ക് വിധേയമായാണെന്നു നിർണ്ണയിക്കാവുന്നതും ;

(ജ) ഏതെങ്കിലും വിനിർദ്ദിഷ്ട മരുന്നിൻേറയോ വിഭാഗത്തിൽപ്പെട്ട മരുന്നുകളുടേയോ ലേബലിലോ പാത്രത്തിൻമേലോ ഉല്പാദനത്തിൻെറ തീയതിയും വീര്യം അവസാനിക്കുന്നതീയതിയും സ്പഷ്ടമായും സത്യമായും പ്രസ്താവിക്കുന്നതിന് ആവശ്യപ്പെടാവുന്നതും ഉല്പാദനത്തീയതി മുതൽ ഒരു വിനിർദ്ദിഷ്ട കാലാവധി അവസാനിച്ചതിനുശേഷമോ വീര്യത്തിൻെറ തീയതി അവസാനിച്ചതിനു ശേഷമോ മേൽ പറഞ്ഞമരുന്നിൻേറയോ വിഭാഗത്തിൽപെട്ട മരുന്നുകളുടേയോ വില്പനയോ, വില്പനയ്ക്കായുള്ള സംഭരണമോ, പ്രദർശനമോ, വിതരണമോ നിരോധിക്കാവുന്നതും;

(ഝ) മരുന്നുകളോ സൗന്ദര്യവർദ്ധക വസ്തുക്കളോ കുപ്പികളിലും പാക്കേജുകളിലും മററുപാത്രങ്ങളിലും പാക്ക്ചെയ്യുന്നതിൽ പാലിക്കേണ്ട ഉപാധികൾ നിർണ്ണയിക്കുകയും, അങ്ങനെയുള്ള ഉപാധികൾ ലംഘിച്ചുകൊണ്ട് പാക്ക് ചെയ്തിട്ടുള്ള മരുന്നുകളുടേയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെയോ വില്പനയോ സംഭരണമോ വില്പനയ്ക്കുള്ള പ്രദർശനമോ, വിതരണമോ നിരോധിക്കുകയും ചെയ്യാവുന്നതും ;

(ഞ) പാക്ക് ചെയ്തിട്ടുള്ള മരുന്നുകളോ സൗന്ദര്യവർദ്ധകവസ്തുക്കളോ ലേബൽ ചെയ്യുന്ന രീതി ക്രമപ്പെടുത്തുകയും അങ്ങനെയുള്ള ലേബലുകളിൽ ഉൾക്കൊള്ളിക്കാവുന്നതോ ഉൾക്കൊള്ളിക്കാൻ പാടില്ലാത്തതോ ആയ വിഷയം നിർണ്ണയിക്കുകയും ചെയ്യാവുന്നതും ;

(ട) ഏതെങ്കിലും മരുന്നിൽ ചേർക്കാവുന്നതോ അടങ്ങിയിട്ടുള്ളതോ ആയ വിഷപദാർത്ഥത്തിൻെറ പരമാവധി അനുപാതം നിർണ്ണയിക്കാവുന്നതും, ആ അനുപാതത്തിൽ കവിഞ്ഞുള്ള ഏതു മരുന്നിൻെറയും ഉല്പാദനമോ വില്പനയോ വില്പനയ്ക്കു വേണ്ടിയുള്ള സംഭരണമോ പ്രദർശനമോ വിതരണമോ നിരോധിക്കാവുന്നതും ഈ അദ്ധ്യായത്തിൻെറയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും ആവശ്യങ്ങൾക്ക് വിഷം കലർന്നുവെന്ന് കരുതപ്പെടേണ്ട പദാർത്ഥങ്ങൾ ഏതേതെന്ന് വിനിർദ്ദേശിക്കാവുന്നതും ;

(ഠ) വിനിർദ്ദിഷ്ട മരുന്നിന്റെ അംഗീകരിക്കപ്പെട്ട ശാസ്ത്രീയനാമം അങ്ങനെയുള്ള മരുന്ന് അടങ്ങിയിട്ടുള്ള ഏതെങ്കിലും നിർമ്മാണാവകാശക്കുത്തകയോ ഉടമാവകാശമോ ഉള്ള ഏതെങ്കിലും ഔഷധത്തിന്റെ ലേബലിലോ ആവരണത്തിലോ നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രദർശിപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ;

(ഡ) ..................................

(ഢ) ഇൻസ്പെക്ടർമാരുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കാവുന്നതും, ഏതു മരുന്നുകളോ മരുന്നുകളുടെ വിഭാഗമോ സൗന്ദര്യവർദ്ധക വസ്തുക്കളോ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ വിഭാഗമോ സംബന്ധിച്ചും ഏതു വ്യവസ്ഥകൾക്കോ പരിമിതികൾക്കോ നിയന്ത്രണങ്ങൾക്കോ വിധേയമായും ആണ് അപ്രകാരമുള്ള അധികാരങ്ങളും ചുമതലകളും പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതെന്ന് നിർണ്ണയിക്കാവുന്നതും ;

(ണ) ഗവൺമെന്റ്-അനലിസ്റ്റുകൾ നല്കേണ്ട റിപ്പോർട്ടിന്റെ ഫാറങ്ങളും, 26-ാം വകുപ്പിൻ കീഴിലുള്ള പരിശോധനയ്ക്കോ വിശ്ലേഷണത്തിനോ, ഉള്ള അപേക്ഷയുടെ രീതിയും, അതിനു നല്കേണ്ട ഫീസും നിർണ്ണയിക്കാവുന്നതും ;

(ത) ഈ അദ്ധ്യായത്തിനോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ എതിരായ ഏതു കുറ്റങ്ങൾ സംബന്ധിച്ചാണ് 31-ാം വകുപ്പിൻകീഴിൽ ഒരു കണ്ടുകെട്ടൽ ഉത്തരവു പാസ്സാക്കാവുന്നത് ആ കുറ്റങ്ങൾ വിനിർദ്ദേശിക്കാവുന്നതും ;

(ഥ) സോപാധികമായോ അല്ലാതേയോ ഈ അദ്ധ്യായത്തിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകളിൽ നിന്ന് ഏതെങ്കിലും വിനിർദ്ദിഷ്ട മരുന്നിനേയോ മരുന്നുകളുടെ വിഭാഗത്തേയോ സൗന്ദര്യവർദ്ധക വസ്തുവിനേയോ സൗന്ദര്യവർദ്ധക വസ്തുക്കളുടെ വിഭാഗത്തേയോ ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും ; ആകുന്നു.

33ക. ഈ ആക്റ്റിൽ മറ്റുപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള യാതൊന്നും ആയുർവ്വേദ (സിദ്ധ ഉൾപ്പെടെ), യൂനാനി മരുന്നുകൾക്ക് ബാധകമായിരിക്കുന്നതല്ല.

**ആയുർവ്വേദ (സിദ്ധ ഉൾപ്പെടെ) അല്ലെങ്കിൽ യൂനാനി മരുന്നുകൾക്ക് ഈ അദ്ധ്യായം ബാധകമായിരിക്കുന്നതല്ലെന്ന്.**

അദ്ധ്യായം IV ക.

## ആയുർവ്വേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകൾ സംബന്ധിച്ചുള്ള വ്യവസ്ഥകൾ

33ഖ. ഈ അദ്ധ്യായം ആയുർവ്വേദവും (സിദ്ധ ഉൾപ്പെടെ) യുനാനിയും മരുന്നുകൾക്ക്മാത്രം ബാധകമായിരിക്കുന്നതാണ്.

**അദ്ധ്യായംIVകയുടെ ബാധകത.**

33ഗ. (1) കേന്ദ്ര ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും അതിൽ വിനിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടിയും, കേന്ദ്ര ഗവൺമെന്റിനെയും സ്റ്റേററ് ഗവൺമെന്റുകളെയും ഈ അദ്ധ്യായത്തിൽ നിന്നുത്ഭവിക്കുന്ന സാങ്കേതിക വിഷയങ്ങളിൽ ഉപദേശിക്കുന്നതിനും, ഈ അദ്ധ്യായത്താൽ അതിനുനല്കപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനും (ആയുർവ്വേദ മരുന്നുകളുടെയും യൂനാനി മരുന്നുകളുടെയും സാങ്കേതിക ഉപദേശക ബോർഡ് എന്നു പേർ പറയുന്ന) ഒരു ബോർഡ് സംഘടിപ്പിക്കേണ്ടതാണ്.

**ആയുർവ്വേദ മരുന്നുകളുടെയും യൂനാനി മരുന്നുകളുടെയും സങ്കേതിക ഉപദേശക ബോർഡ്.**

(2) ബോർഡിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്, അതായത് :—

(i) ഹെൽത്ത് സർവ്വീസസ്സ് ഡയറക്ടർ ജനറൽ, എക്സ് ഒഫിഷ്യോ;

(ii) ഡ്രഗ്സ് കൺട്രോളർ, ഇൻഡ്യ, എക്സ് ഒഫിഷ്യോ ;

(iii) ആരോഗ്യവകുപ്പു മന്ത്രികാര്യാലയത്തിലെ നാട്ടുചികിൽസാ സമ്പ്രദായങ്ങളുടെ, ഉപദേശകൻ, എക്സ് ഒഫിഷ്യോ ;

(iv) ഡയറക്ടർ, സെൻട്രൽ ഡ്രഗ്സ് ലാബറട്ടറി, കൽക്കട്ട, എക്സ് ഒഫിഷ്യോ ;

(v) കേന്ദ്ര ഗവൺമെന്റ് നാമ നിർദ്ദേശം ചെയ്യേണ്ട, 33 ച വകുപ്പിൻ കീഴിൽ ഗവൺമെന്റ്-അനലിസ്റ്റ് എന്ന ഉദ്യോഗം വഹിക്കുന്ന ഒരാൾ ;

(vi) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ഒരു ഫാർമാകോഗ്നോസിസ്റ്റ് ;

(vii) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ഒരു ഫൈറേറാകെമിസ്റ്റ് ;

(viii) ആയുർവ്വേദ റിസർച്ച് സെൻട്രൽ കൌൺസിൽ അംഗങ്ങളിൽ നിന്നു കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട രണ്ടു ആളുകൾ ;

(ix) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട, ദ്രവ്യഗുണത്തിലും ഭൈഷജ്യ കല്പനയിലും ഉള്ള ഒരു അദ്ധ്യാപകൻ ;

(x) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ഇൽ-മുൽ-അഡ്വിയയിലെയും ടാക്ലിസ്-വ-ദാവാസാസിലും, ഉള്ള, ഒരു അദ്ധ്യാപകൻ ;

(xi) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ആയുർവ്വേദ (സിദ്ധ ഉൾപ്പെടെ) വും യൂനാനിയും മരുന്നു വ്യവസായങ്ങളിൽ ഓരോന്നിനേയും പ്രതിനിധീകരിക്കുന്ന രണ്ടാളുകൾ ;

(xii) കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ആയുർവ്വേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും സമ്പ്രദായങ്ങളുടെ ചികിൽസകരിൽനിന്ന് ഓരോ ആൾ വീതം രണ്ടാളുകൾ.

(3) കേന്ദ്ര ഗവൺമെന്റ്, ബോർഡിലെ ഒരംഗത്തെ അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്.

(4) ബോർഡിലെ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ മൂന്നുവർഷത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതും എന്നാൽ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹരായിരിക്കുന്നതുമാണ്.

(5) ബോർഡിന്, കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, കോറം നിശ്ചയിക്കുന്നതിനും അതിന്റെ നടപടിക്രമവും അത് നടത്തേണ്ട എല്ലാ കാര്യങ്ങളുടെയും നടത്തിപ്പും ക്രമപ്പെടുത്തുന്നതിനും ഉപനിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(6) ബോർഡിൽ ഏതെങ്കിലും ഒഴിവുണ്ടെങ്കിൽത്തന്നെയും, ബോർഡിന് അതിന്റെ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

(7) ബോർഡിന്റെ സെക്രട്ടറിയായി കേന്ദ്ര ഗവൺമെന്റ് ഒരാളെ നിയമിക്കേണ്ടതും കേന്ദ്ര ഗവൺമെന്റ് ആവശ്യമെന്നു കരുതുന്ന ക്ലെറിക്കലും മററു സ്ററാഫ് അംഗങ്ങളെയും ബോർഡിന് ലഭ്യമാക്കേണ്ടതുമാണ്.

ആയുർവ്വേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകളുടെ വില്പനയ്ക്കു വേണ്ടിയുള്ള ഉല്പാദനത്തിന്റെ നിരോധനം.

33ഘ. സ്റേററ് ഗവൺമെന്റ്, ഈ ആവശ്യത്തിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതൽ യാതൊരാളും, നേരിട്ടോ അല്ലെങ്കിൽ തനിക്കുവേണ്ടി മററാരെങ്കിലും മുഖേനയോ—,

(ക) നിർണ്ണയിക്കപ്പെട്ട ആരോഗ്യപരമായ വ്യവസ്ഥകളിൻ കീഴിൽ അല്ലാതെയും ;

(ഖ) നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ള ഒരു ആളുടെ മേൽനോട്ടത്തിൻ കീഴിൽ അല്ലാതെയും ;

(ഗ) ഈ അദ്ധ്യായത്തിൻകീഴിൽ അങ്ങനെയുള്ള ആവശ്യത്തിന് നല്കിയിട്ടുള്ള ലൈസൻസിലെ വ്യവസ്ഥകൾക്കു കീഴിലും അവ അനുസരിച്ചും, അല്ലാതെയും;

(ഘ) അങ്ങനെയുള്ള മരുന്ന് തയ്യാറാക്കുന്നതിന് ഉപയോഗിച്ച അസംസ്കൃത സാധനങ്ങൾ യഥാർത്ഥമായിട്ടുള്ളതും ശരിയായി വേർതിരിച്ചറിഞ്ഞിട്ടുള്ളതും അല്ലാത്തപക്ഷവും ;

(ങ) അങ്ങനെയുള്ളമരുന്ന്, അതിലടങ്ങിയിട്ടുള്ള എല്ലാ ഘടകപദാർത്ഥങ്ങളുടേയും സത്യമായ പട്ടിക കൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങൾ കൊണ്ടും ലേബൽ ചെയ്തിട്ടില്ലാത്ത പക്ഷവും ;

(ച) ഈ അദ്ധ്യായത്തിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും ;

ഏതെങ്കിലും ആയുർവേദ മരുന്നോ (സിദ്ധ ഉൾപ്പെടെ) യൂനാനി മരുന്നോ വില്പനയ്ക്ക് ഉല്പാദിപ്പിക്കാൻ പാടുള്ളതല്ല :

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നും തങ്ങളുടെ സ്വന്തം രോഗികളുടെ ഉപയോഗത്തിനായി അങ്ങനെയുള്ള മരുന്നുകൾ നിർമ്മിക്കുന്ന വൈദ്യൻമാർക്കും ഹാക്കീംമാർക്കും ബാധകമാകുന്നതല്ല :

എന്നുമാത്രമല്ല (ക) (ഖ) (ഗ) ഖണ്ഡങ്ങളിലുള്ള യാതൊന്നും നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കു വിധേയമായി പരിശോധനയ്ക്കോ പരീക്ഷണത്തിനോ വിശ്ലേഷണത്തിനോ അങ്ങനെയുള്ള ഏതെങ്കിലും മരുന്നിന്റെ ചെറിയ അളവിലുള്ള നിർമ്മാണത്തിന് ബാധകമായിരിക്കുന്നതല്ല.

ആയുർവ്വേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകളുടെ വില്പനയിലും മററുമുള്ള നിയന്ത്രണം.

33ങ. സ്റേററ് ഗവൺമെന്റ് ഈ ആവശ്യത്തിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി മുതൽ യാതൊരാളും നേരിട്ടോ അല്ലെങ്കിൽ മറേറതെങ്കിലും ആൾ മുഖേനയോ ഈ അദ്ധ്യായത്തിൻകീഴിൽ ലൈസൻസുള്ള ഒരു നിർമ്മാതാവ് ഉല്പാദിപ്പിച്ചിട്ടുള്ളതല്ലാത്ത ഏതെങ്കിലും ആയുർവേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്ന് വിൽക്കുകയോ, വില്പനയ്ക്കുവേണ്ടി സംഭരിക്കുകയോ പ്രദർശിപ്പിക്കുകയോ വിതരണം നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

ഗവൺമെന്റ്-അനലിസ്ററുകൾ.

33ച. (1) കേന്ദ്ര ഗവൺമെന്റിനോ സ്റേററ് ഗവൺമെന്റിനോ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി അതിനുയുക്തമെന്നു തോന്നുന്ന, നിർണ്ണിയിക്കപ്പെട്ട യോഗ്യതകളുള്ള ആളുകളെ, കേന്ദ്ര ഗവൺമെൻേറാ സ്റേററ് ഗവൺമെൻേറാ, അതതു സംഗതിപോലെ, അവർക്കായി, തിരിച്ച് വയ്ക്കാവുന്ന പ്രദേശങ്ങളിൽ ഗവൺമെന്റ്–അനലിസ്ററുകളായി നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര ഗവൺമെന്റിനോ ഒരു സ്റേററ് ഗവൺമെന്റിനോ അതിന്റെ കീഴിൽ ജോലി ചെയ്യാത്ത യാതൊരു ഉദ്യോഗസ്ഥനേയും, അയാൾ കീഴ്പ്പെട്ട ജോലി ചെയ്യുന്ന ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഗവൺമെന്റ് അനലിസ്ററായി നിയമിക്കാൻ പാടുള്ളതല്ല.

**ഇൻസ്പെക്ടർമാർ.**

33ഛ. (1) കേന്ദ്ര ഗവൺമെൻറിനോ ഒരു സ്റേററ് ഗവൺമെൻറിനോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അതിനു യുക്തമെന്നു തോന്നുന്ന, നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ള ആളുകളെ, കേന്ദ്ര ഗവൺമെൻേറാ സ്റേററ് ഗവൺമെൻേറാ, അതതു സംഗതിപോലെ, അവർക്കായി തിരിച്ചുവയ്ക്കാവുന്ന പ്രദേശങ്ങളിൽ ഇൻസ്പെക്ടറൻമാരായി നിയമിക്കാവുന്നതാണ്.

(2) ഇൻസ്പെക്ടർക്ക് പ്രയോഗിക്കാവുന്ന അധികാരങ്ങളും അയാൾ നിറവേറേണ്ട ചുമതലകളും അങ്ങനെയുള്ള അധികാരങ്ങളോ ചുമതലകളോ പ്രയോഗിക്കുകയോ നിറവേററുകയോ ചെയ്യാവുന്നത് ഏതു ഉപാധികൾക്കോ പരിമിതികൾക്കോ നിയന്ത്രണങ്ങൾക്കോ വിധേയമായാണെന്നുള്ളതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ഏതെങ്കിലും മരുന്നിൻെറ ഉല്പാദനത്തിലോ വില്പനയിലോ ഏതെങ്കിലും ധനപരമായ താല്പര്യമുള്ള യാതൊരു ആളും ഈ വകുപ്പിൻകീഴിൽ ഇൻസ്പെക്ടറായി നിയമിക്കപ്പെടാൻ പാടുള്ളതല്ല.

(4) ഓരോ ഇൻസ്പെക്ടറും, ഇൻഡ്യൻശിക്ഷാ നിയമസംഹിത, (1860- ലെ 45) 1860-ലെ21-ാം വകുപ്പിൻെറ അർത്ഥത്തിലുള്ള ഒരു പബ്ലിക് സർവ്വൻറ് ആയികരുതപ്പെടുന്നതും അയാളെ നിയമിക്കുന്ന ഗവൺമെൻറ് ഈ ആവശ്യത്തിന് വിനിർദ്ദേശിക്കാവുന്ന അധികാരസ്ഥാനത്തിന് ഔദ്യോഗികമായി കീഴുദ്യോഗസ്ഥനായിരിക്കു ന്നതുമാണ്.

**22-ഉം, 23-ഉം, 24-ഉം —25-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാക്കൽ.**

33ജ. 22-ഉം, 23-ഉം,24-ഉം, 25-ഉംവകുപ്പുകളിലേയും അതിൻകീഴിൽ ഏതെങ്കിലും ചട്ടങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിൽ അവയിലെയും വ്യവസ്ഥകൾ ആകുന്നത്ര ഈ അദ്ധ്യായത്തിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഇൻസ്പെക്ടറെയും ഒരു ഗവൺമെൻറ് അനലിസ്ററിനെയും സംബന്ധിച്ച് IV-ാം അദ്ധ്യായത്തിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഇൻസ്പെക്ടറെയും ഗവൺമെൻറ്-അനലിസ്ററിനേയും സംബന്ധിച്ച് അവ ബാധകമാകുന്നപോലെ,മേല്പറഞ്ഞ വകുപ്പുകളിൽ "മരുന്ന്" സംബന്ധിച്ച പരാമർശങ്ങൾക്കു "ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നു" എന്ന പരാമർശങ്ങളായി അർത്ഥം കല്പിക്കപ്പെടേണ്ടതാണെന്ന രൂപഭേദത്തിനു വിധേയമായി ബാധകമാകുന്നതാണ്.

**ഈ അദ്ധ്യായം ലംഘിച്ചു കൊണ്ടുള്ള ആയുർവ്വേദവും (സിദ്ധ ഉൾപ്പെടെ) യൂനാനിയും മരുന്നുകളുടെ ഉല്പാദനത്തിനും വില്പനയ്ക്കും മററും ഉള്ള ശിക്ഷ.**

33ഝ. ആരാണോ, 33 ജ വകുപ്പു ബാധകമാക്കിയ പ്രകാരമുള്ള 33ങ വകുപ്പിലേയോ 33ച വകുപ്പിലേയോ 33 ജ വകുപ്പിലേയോ 24-ാം വകുപ്പിലേയോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകൾ ലംഘിക്കുന്നത്, അയാൾ മൂന്നു മാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവു ശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**വീണ്ടും ചെയ്യുന്ന കുററങ്ങൾക്കുള്ള ശിക്ഷ.**

33ഞ. 33 ഘ വകുപ്പിൻകീഴിലോ 33 ങ വകുപ്പിൻകീഴിലോ കുററസ്ഥാപനം ചെയ്യപ്പെട്ട ഒരാൾ മേല്പറഞ്ഞ വകുപ്പിൻകീഴിൽ ഉള്ള ഒരു കുററത്തിന് വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുകയാണെങ്കിൽ, അയാൾ ആറുമാസത്തോളമാകാവുന്ന തടവു ശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**കണ്ടുകെട്ടൽ.**

33ട. ഏതെങ്കിലും ആൾ, ഈ അദ്ധ്യായത്തിൻ കീഴിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, ഏത് ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നു സംബന്ധിച്ചാണോ ലംഘനം നടത്തിയത് ആ മരുന്നു കണ്ടുകെട്ടലിന് വിധേയമായിരിക്കുന്നതാണ്.

**ഗവൺമെൻറ് ഡിപ്പാർട്ട്മെൻറുകൾക്ക് വ്യവസ്ഥകൾ ബാധകമാക്കൽ.**

33ഠ. 33 ട വകുപ്പിലടങ്ങിയിട്ടുള്ളവയൊഴികെ, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അങ്ങനെയുള്ള മരുന്നിൻെറ മറേറതെങ്കിലും ആളാലുള്ള വില്പനയ്ക്കുള്ള നിർമ്മാണമോ വില്പനയോ വിതരണമോ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ഏതെങ്കിലും ഗവൺമെൻറ് ഡിപ്പാർട്ടുമെൻറിനാൽ ഏതെങ്കിലും ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നിൻെറ വില്പനക്കുള്ള നിർമ്മാണമോ വില്പനയോ വിതരണമോ സംബന്ധിച്ച് ബാധകമാകുന്നതാണ്.

**കുററങ്ങൾ വിചാരണയ്ക്കെടുക്കൽ.**

33ഡ. (1) ഈ അദ്ധ്യായത്തിൻകീഴിലുള്ള യാതൊരു പ്രാസിക്യൂഷനും ഒരു ഇൻസ്പെക്ടർ അല്ലാത്ത മററാരും ആരംഭിക്കുവാൻ പാടുള്ളതല്ല.

(2) ഈ അദ്ധ്യായത്തിൻ കീഴിൻ ശിക്ഷിക്കപ്പെടുന്ന ഒരു കുററം പ്രസിഡൻസി മജിസ്ട്രേട്ടിൻെറയോ ഫസ്ററ് ക്ലാസ് മജിസ്ട്രേട്ടിൻെറയോ കോടതിയുടെ പദവിക്കു താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

**കേന്ദ്ര ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.**

33ഢ. ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു പ്രഭാവം നൽകുന്ന ആവശ്യത്തിന് കേന്ദ്ര ഗവൺമെൻറ് ബോർഡുമായി ആലോചിച്ചശേഷവും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയശേഷവും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ കേന്ദ്ര ഗവൺമെൻറിന് അങ്ങനെയുള്ള ആലോചന കൂടാതെ ചട്ടങ്ങളുണ്ടാ ക്കുന്നതാവശ്യകമാക്കുന്ന സാഹചര്യങ്ങൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ, ബോർഡുമായുള്ള ആലോചന വേണ്ടെന്നു വയ്ക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ ചട്ടങ്ങളുണ്ടാക്കി ആറുമാസത്തിനുള്ളിൽ ബോർഡുമായി ആലോചിക്കേ ണ്ടതും അങ്ങനെയുള്ള ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച് ബോർഡ് പുറപ്പെടു വിക്കാവുന്ന ഏതെങ്കിലും അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെൻറ് പരിഗണിക്കേണ്ടതു മാണ്.

(2) മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗംവരാതെ അങ്ങനെ യുള്ള ചട്ടങ്ങളിൽ—

(ക) ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നുകളുടെ പരിശോധനയ്ക്കും വിശ്ലേഷണത്തിനുമുള്ള പരീക്ഷണശാലകൾ സ്ഥാപിക്കുന്ന തിന് വ്യവസ്ഥ ചെയ്യാവുന്നതും ;

(ഖ) ഗവൺമെൻറ്-അനലിസ്ററിൻെറ യോഗ്യതകളും ചുമതലകളു, ഇൻസ്പെക്ടർമാരുടെ യോഗ്യതകളും നിർണ്ണയിക്കാവുന്നതും ;

(ഗ) ഏതെങ്കിലും ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നിൽ അടങ്ങിയിരിക്കുന്നതായി കരുതപ്പെടുന്ന ഘടകപദാർത്ഥങ്ങളുടെ ശരി യായ പട്ടിക ലേബൽ ചെയ്തിട്ടുണ്ടോ എന്ന് നിശ്ചയിക്കുന്നതിന് നടത്തേണ്ട പരിശോധനയുടേയോ വിശ്ലേഷണത്തിൻെറയോ രീതികൾ നിർണ്ണയിക്കാവുന്നതും;

(ഘ) ഏതെങ്കിലും പദാർത്ഥം വിഷം കലർന്ന പദാർത്ഥമെന്ന് വിനിർ ദ്ദേശിക്കാവുന്നതും ;

(ങ) ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നുകളുടെ വില്പനക്കായുള്ള നിർമ്മാണത്തിനുള്ള ലൈസൻസ് ഫാറങ്ങളും അങ്ങനെയുള്ള ലൈസൻസുകൾക്കുള്ള അപേക്ഷാഫാറവും അങ്ങനെയുള്ള ലൈസൻസുകൾ ഏതുപാ ധികൾക്കു വിധേയമായാണ് നൽകാവുന്നതെന്നും അതു നൽകുന്നതിന് അധികാരപ്പെടു ത്തിയിട്ടുള്ള അധികാരസ്ഥാനവും അതിനു നൽകേണ്ട ഫീസും നിർണ്ണയിക്കാവു ന്നതും ;

(ച) പാക്ക് ചെയ്തിട്ടുള്ള ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാ നിയോ മരുന്നുകളിൽ ലേബൽ പതിക്കുന്ന രീതി ക്രമപ്പെടുത്താവുന്നതും, അങ്ങനെ യുള്ള ലേബലുകളിൽ ഉൾക്കൊള്ളിക്കാവുന്നതോ ഉൾക്കൊള്ളിക്കാൻ പാടില്ലാത്തതോ ആയ വിഷയങ്ങൾ നിർണ്ണയിക്കാവുന്നതും ;

(ഛ) പരിശോധനയ്ക്കോ, പരീക്ഷണത്തിനോ, വിശ്ലേഷണത്തിനോ ചെറിയ അളവിൽ ആയുർവ്വേദമോ (സിദ്ധ ഉൾപ്പെടെ) യൂനാനിയോ മരുന്നുകൾ ഉല്പാദിപ്പിക്കാവുന്നത് ഏതെല്ലാം ഉപാധികൾക്ക് വിധേയമായിട്ടാണെന്നും;

(ജ) ഈ അദ്ധ്യായത്തിൻകീഴിൽ നിർണ്ണയിക്കാവുന്നതോ നിർണ്ണയിക്കപ്പെ ടാവുന്നതോ ആയ മറേറതെങ്കിലും വിഷയവും ;

നിർണ്ണയിക്കാവുന്നതും ആകുന്നു.

ഒന്നാം പട്ടിക ഭേദഗതിചെയ്യാനുള്ള അധികാരം.

33ണ. കേന്ദ്ര ഗവൺമെൻറിന്, ബോർഡുമായി ആലോചിച്ചശേഷവും, അതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാ അപ്രകാരം ചെയ്യുവാനുള്ള ഉദ്ദേശംസംബന്ധിച്ച് ഔദ്യോഗിക ഗസററിൽ വിജ്ഞാ പനംവഴി മൂന്നുമാസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകിയശേഷവും, അതുപോ ലുള്ള ഒരു വിജ്ഞാപനം വഴി ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങൾക്ക് ഒന്നാം പട്ടിക യിൽ കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ അത് മററു പ്രകാരത്തിൽ ഭേദഗതിചെയ്യുകയോ ചെയ്യാവുന്നതും അതോടെ മേല്പറഞ്ഞ പട്ടിക അതനുസരിച്ച് ഭേദഗതി ചെയ്ത തായി കരുതപ്പെടുന്നതുമാണ്.

## അദ്ധ്യായം V

## പലവക

നിദേശങ്ങൾ നൽകാനുള്ള അധികാരം.

33 ത. കേന്ദ്ര ഗവൺമെൻറ്, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ വ്യവസ്ഥകൾ സ്റേററിൽ നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെൻറിന് ആവശ്യമെന്ന് തോന്നാവുന്ന നിദേശ ങ്ങൾ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിന് നൽകാവുന്നതാണ്.

കമ്പനികളാലുള്ള കുററങ്ങൾ.

34. (1) ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിട്ടു ള്ളിടത്ത് കമ്പനിക്ക് പുറമെ കുററം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിൻെറ ചുമതല വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദപ്പെട്ടിരുന്ന തുമായ ഏതൊരാളും, ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും അത നുസരിച്ച് അവർക്കെതിരായി നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്ന തിനും അർഹരാകുന്നതുമാണ് :

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ആൾ കുററം ചെയ്തത് അയാളുടെ അറിവോടുകൂടിയല്ലെന്നോ അല്ലെങ്കിൽ അങ്ങനെ യുള്ള കുററം ചെയ്യുന്നത് തടയുവാൻ അയാൾ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുകയാണെങ്കിൽ ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്യുകയും ആ കുററം ചെയ്തിട്ടുള്ളത് ഏതെങ്കിലും ഡയറക്ടരുടേയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ കമ്പനിയിലെ മററുദ്യോഗസ്ഥൻെറയോ സമ്മതത്തോടോ മൗനാനുവാദ ത്തോടോ കൂടിയാണെന്നോ അല്ലെങ്കിൽ അയാളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും

ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ സെക്രട്ടറിയോ മററുദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്—

(ക) "കമ്പനി" എന്നാൽ ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു വ്യാപാരസംഘമോ വ്യക്തികളുടെ മററ് സമാജങ്ങളോ ഉൾപ്പെടുന്നതും ;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു വ്യാപാരസംഘം സംബന്ധിച്ച്, അതിലെ ഒരു പങ്കാളി എന്ന് അർത്ഥമാകുന്നതും ; ആകുന്നു.

34 ക. അദ്ധ്യായം IV-ന്റേയോ, അദ്ധ്യായം IV ക-യുടേയോ കീഴിൽ ഉള്ള ഒരു കുററം ഏതെങ്കിലും ഗവൺമെൻറ് ഡിപ്പാർട്ടുമെൻറ് ചെയ്തിട്ടുള്ളിടത്ത്, ഔഷധങ്ങളുടെ ഉൽപ്പാദനത്തിന്റേയോ വിൽപ്പനയുടേയോ വിതരണത്തിന്റെയോ ചുമതലയുള്ളതായി കേന്ദ്ര ഗവൺമെൻറ് വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥനോ, അധികാരസ്ഥനെ വിനിർദ്ദേശിച്ചിട്ടില്ലാത്തിടത്ത് ഡിപ്പാർട്ടുമെൻറ് മേധാവിയോ, കുററത്തിന് അപരാധിയായിരിക്കുന്നതും അതനുസരിച്ച് നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹരായിരിക്കുന്നതുമാകുന്നു :

*ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളാലുള്ള കുററങ്ങൾ.*

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, കുററം ചെയ്തത് അങ്ങനെയുള്ള അധികാരസ്ഥന്റെയോ അയാളുടെയോ അറിവോടുകൂടിയല്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയുവാൻ അങ്ങനെയുള്ള അധികാരസ്ഥനോ ആളോ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുകയാണെങ്കിൽ, അതതു സംഗതിപോലെ, അദ്ധ്യായം IV-ലോ IV ക-യിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷക്ക് അങ്ങനെയുള്ള അധികാരസ്ഥനോ ആളോ അർഹനായിത്തീരുന്നതല്ല.

35. (1) ഈ ആക്ററിൻകീഴിൽ ഒരു കുററത്തിന് ഏതെങ്കിലും ആൾ കുററസ്ഥാപനം ചെയ്യപ്പെടുകയാണെങ്കിൽ, കുററസ്ഥാപനം ചെയ്യുന്ന കോടതിക്ക് കുററവാളിയുടെ പേരും, സ്ഥലമോ വാസസ്ഥലമോ അതും ഏതു കുററത്തിനാണ് കുററസ്ഥാപനം ചെയ്യപ്പെട്ടതെന്നും അയാൾക്ക് നൽകിയ ശിക്ഷയും കോടതി നിദേശിക്കാവുന്ന വർത്തമാനപ്പത്രങ്ങളിലോ മററു വിധത്തിലോ അങ്ങനെയുള്ള ആളുടെ ചെലവിൽ പ്രസിദ്ധപ്പെടുത്തുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

*ഈ ആക്ററിൻ കീഴിൽ നൽകപ്പെട്ടിട്ടുള്ള ശിക്ഷാവിധികളുടെ പ്രസിദ്ധീകരണം.*

(2) അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ കുററസ്ഥാപനം സംബന്ധിച്ചുള്ള കോടതിചെലവുകളുടെ ഭാഗമായി കരുതേണ്ടതും, ആ ചെലവുകൾ വസൂലാക്കുന്നതിനുള്ള അതേ രീതിയിൽ വസൂലാക്കേണ്ടതുമാണ്.

36. ക്രിമിനൽ നടപടി നിയമസംഹിത എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും പ്രസിഡൻസി മജിസ്ട്രേട്ടോ, ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേട്ടോ, മേൽപ്പറഞ്ഞ സംഹിത 2-ാം വകുപ്പിൻ കീഴിലുള്ള അധികാരത്തിൽ കവിഞ്ഞ ഈ ആക്ററ് പ്രാധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ശിക്ഷനൽകുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

*വർദ്ധിത ശിക്ഷകൾ നൽകുന്നതിന് മജിസ്ട്രേട്ടിനുള്ള അധികാരം. 1898-ലെ 5*

37. ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യുവാനുദ്ദേശിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും സംഗതിക്ക് ഏതെങ്കിലും ആൾക്കെതിരായി വ്യവഹാരമോ പ്രോസിക്യൂഷനോ, മററു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

*ഉത്തമ വിശ്വാസത്തോടുകൂടി എടുത്തിട്ടുള്ള നടപടിക്ക് സംരക്ഷണം.*

38. ഈ ആക്ററിൻ കീഴിലുണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെൻറുയോഗം ചേർന്നിരിക്കുമ്പോൾ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിൽ കൂടുതലോ സമ്മേളനത്തിലോ ആയി ആകെ മുപ്പത് ദിവസ കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ മേൽപ്പറഞ്ഞ തുടർച്ചയായുള്ള സമ്മേളനങ്ങളോ അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവമുണ്ടായിരിക്കുന്നതും അല്ലെങ്കിൽ പ്രഭാവമില്ലാതിരിക്കുന്നതും ആകുന്നു: എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പുചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരുത്താത്തവിധത്തിലായിരിക്കുന്നതാകുന്നു.

*ചട്ടങ്ങൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.*

ഒന്നാം പട്ടിക

[3 (ക) വകുപ്പു നോക്കുക]

ക. ആയുർവ്വേദ (സിദ്ധ ഉൾപ്പെടെ) സമ്പ്രദായം

| ക്രമനമ്പർ | പുസ്തകത്തിന്റെ പേര് |
|---|---|
| | ആയുർവേദം |
| 1 | ആരോഗ്യകൽപ്പദ്രുമം |
| 2 | അർക്കപ്രകാശം |
| 3 | ആര്യഭിഷക് |
| 4 | അഷ്ടാംഗഹൃദയം |
| 5 | അഷ്ടാംഗ സംഗ്രഹം |
| 6 | ആയുർവ്വേദ കൽപ്പദ്രുമം |
| 7 | ആയുർവ്വേദ പ്രകാശം |
| 8 | ആയുർവ്വേദ സംഗ്രഹം |
| 9 | ഭൈസജ്യരത്നാവലി |
| 10 | ഭാരത് ഭൈസജ്യരത്നാകരം |
| 11 | ഭാവപ്രകാശം |
| 12 | ബൃഹത്നിഘണ്ടു രത്നാകരം |
| 13 | ചരക സംഹിത |
| 14 | ചക്രദത്ത |
| 15 | ഗദനിഗ്രഹം |
| 16 | കടിപകചരസായനം |
| 17 | നിഘണ്ടു രത്നാകരം |
| 18 | രസചന്ദ്രനാംശു |
| 19 | രസരാജ സുന്ദരം |
| 20 | രസരത്ന സമുച്ചയം |
| 21 | രസതന്ത്ര സാരസിദ്ധപ്രയോഗ സംഗ്രഹം |
| 22 | രസതരംഗിണി |
| 23 | രസയോഗ സാഗരം |
| 24 | രസയോഗ രത്നാകരം |
| 25 | രസയോഗ സംഗ്രഹം |
| 26 | രസേന്ദ്രസാര സംഗ്രഹം |
| 27 | രസപ്രദീപിക |
| 28 | സഹസ്രയോഗം |
| 29 | സർവ്വരോഗ ചികിൽസാരത്നം |
| 30 | സർവ്വയോഗ ചികിൽസാരത്നം |
| 31 | സാരംഗധര സംഹിത |
| 32 | സിദ്ധഭൈഷജ്യ മണിമാല |
| 33 | സിദ്ധയോഗ സംഗ്രഹം |
| 34 | ശുശ്രുത സംഹിത |
| 35 | വൈദ്യ ചിന്താമണി |
| 36 | വൈദ്യ കശബ്ദസിന്ധു |
| 37 | വൈദ്യകചികിൽസാസാരം |
| 38 | വൈദ്യ ജീവൻ |
| 39 | വരസവ രാജീയം |
| 40 | യോഗരത്നാകരം |
| 41 | യോഗ തരംഗിണി |
| 42 | യോഗ ചിന്താമണി |
| 43 | കാശ്യപ സംഹിത |
| 44 | ഭേലസംഹിത |
| 45 | വിശ്വനാഥചികിൽസ |
| 46 | വൃന്ദചികിൽസ |
| 47 | ആയൂർവേദ ചിന്താമണി |
| 48 | അഭിനവ ചിന്താമണി |
| 49 | ആയൂർവേദരത്നാകരം |
| 50 | യോഗരത്ന സംഗ്രഹം |
| 51 | രാമാമൃതം |
| 52 | ദ്രവ്യഗുണനിഘണ്ടു |
| 53 | രസമഞ്ജരി |
| 54 | ബംഗസേന |
| | സിദ്ധ |
| 55 | സിദ്ധവൈദ്യ തിരട്ടു |
| 56 | തേരയാർ മഹാകരിശൽ |
| 57 | ബ്രഹ്മമുനികരുക്കടൈ (300) |
| 58 | ബോഗർ (700) |
| 59 | പുലിപ്പാനി (500) |

| ക്രമനമ്പർ | പുസ്തകത്തിന്റെ പേര് |
|---|---|
| 60 | അഗസ്ത്യർ പരിപൂരാണം (400) |
| 61 | തേരയാർയമഗം |
| 62 | അഗസ്ത്യർ ചെന്തൂരം (300) |
| 63 | അഗസ്ത്യ ചെന്തൂരം (1500) |
| 64 | ആത്മരക്ഷാമൃതം |
| 65 | അഗസ്ത്യാപിൻ (80) |
| 66 | അഗസ്ത്യാരത്ന ചുരുക്കം |
| 67 | തേരയാർ കരിശൽ (300) |
| 68 | വീരമാമുനിനാസാകാന്ധം |
| 69 | അഗസ്ത്യാർ (600) |
| 70 | അഗസ്ത്യാർകൻമസൂത്തിരം |
| 71 | 18 സിദ്ധരുടെ ചില്ലറൈകോവൈ |
| 72 | യോഗി വാതകാവ്യം |
| 73 | തേരയാർതരു |
| 74 | അഗസ്ത്യർ വൈദ്യർ കാവ്യം (1500) |
| 75 | ബാലവാഗടം |
| 76 | ചിമുട്ടരത്ന (രത്ന) ചുരുക്കം |
| 77 | നാഗമുനി (200) |
| 78 | അഗസ്ത്യാർ ചില്ലറൈ കോവൈ |
| 79 | ചികിത്സാരത്ന ദീപം |
| 80 | അഗസ്ത്യാർ നയനവിധി |
| 81 | യുഗികരിശൽ (151) |
| 82 | അഗസ്ത്യാർവള്ളത്തി (600) |
| 83 | തേർയാർ തൈലവർക്കം |

ഖ. യൂനാനി (ടിബ്) സമ്പ്രദായം

| | |
|---|---|
| 1 | കരബാദീൻ കാദ്രി |
| 2 | കരബാദീൻ കബീർ |
| 3 | കരബാദീൻ അസാം |
| 4 | ഇലജ്–ഉൽ–അംരാസ് |
| 5 | ആൽകരബാദീൻ |
| 6 | ബിയാസ്കബീർ I-ാം വാല്യം |
| 7 | കരബാദീൻ ജദീദ് |
| 8 | കിതാബ്–ഉൽ–തക്ലിസ് |
| 9 | സനത്–ഉൽ–തക്ലിസ് |
| 10 | മിഫ്താ–ഉൽ–കസായിൽ |
| 11 | മദൻ–ഉൽ–അക്സീർ |
| 12 | മക്ഷാൻ–ഉൽ–മുരബാത് |

## രണ്ടാം പട്ടിക

(8-ഉം, 16-ഉം വകുപ്പുകൾ നോക്കുക)

ഇറക്കുമതി ചെയ്യപ്പെട്ട മരുന്നുകളും, വിൽപ്പനക്ക് ഉൽപ്പാദിപ്പിക്കപ്പെട്ടതോ, വിൽക്കപ്പെട്ടതോ വിൽപ്പനയ്ക്ക് സംഭരിക്കപ്പെട്ടതോ പ്രദർശിപ്പിക്കപ്പെട്ട തോ വിതരണം ചെയ്യപ്പെട്ടതോ ആയ മരുന്നുകളും അനുസരിക്കേണ്ട മാനകങ്ങൾ.

| മരുന്നിന്റെ വിഭാഗം | അനുസരിക്കേണ്ട മാനകം |
|---|---|
| 1. നിർമ്മാണാവകാശക്കുത്തകയോ ഉടമാവകാശമോ ഉള്ള ഹോമിയോപ്പതി ഔഷധങ്ങൾ അല്ലാത്ത ഔഷധങ്ങൾ | ലേബലിലോ, പാത്രത്തിൻമേലോ നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രദർശിപ്പിച്ചിട്ടുള്ള ഫാർമൂലയോ ഘടകപദാർത്ഥങ്ങളുടെ ലിസ്റ്റോ കൂടാതെ നിർണ്ണയിക്കപ്പെടാവുന്ന മററു മാനകവും. |
| 2. സാധാരണയായി വാക്സിൻ, സീറാ, ടാക്സിൻ, ടാക്സായിഡ് ആൻറി ടാക്സിൻസ് ആൻറിജൻസ് എന്ന് അറിയപ്പെടുന്ന പദാർത്ഥങ്ങളും അങ്ങനെ സ്വഭാവമുള്ള ജൈവക ഉൽപ്പന്നങ്ങളും. | ജൈവക മാനകങ്ങൾക്ക് അന്തർദേശീയ കോപ്പൻഹേഗനിലെ പരീക്ഷണശാലയിലും സ്ററാൻറാസ് സെറുമിൻ സ്ററിട്ടുകളിലും വച്ചുപോരുന്ന മാനകങ്ങളും നിർണ്ണയിക്കപ്പെടാവുന്ന ബലത്തിന്റേയും ഗുണത്തിന്റേയും പരിശുദ്ധിയുടേയും മററു മാനകങ്ങളും. |
| 3. വിററാമിനുകളും ഹോർമോണുകളും സമാന ഉൽപ്പന്നങ്ങളും. | ജൈവക മാനകങ്ങൾക്കുള്ള അന്തർദ്ദേശീയ പരീക്ഷണ ശാലയിലും, ലണ്ടനിലെ മെഡിക്കൽ റിസർച്ചിനുള്ള നാഷണൽ ഇൻസ്ററിട്യൂട്ടിലും വച്ചുപോരുന്ന മാനകങ്ങളും നിർണ്ണയിക്കപ്പെടാവുന്ന ബലത്തിന്റെയും ഗുണത്തിന്റെയും പരിശുദ്ധിയുടേയും മററു മാനകങ്ങളും. |

| മരുന്നിന്റെ വിഭാഗം | അനുസരിക്കേണ്ട മാനകം |
|---|---|
| 4. മനുഷ്യശരീരത്തിന്റെ ഘടനയെയോ അല്ലെങ്കിൽ ഏതെങ്കിലും പ്രവർത്തനത്തെയോ ബാധിക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ മനുഷ്യരിലോ മൃഗങ്ങളിലോ രോഗമുണ്ടാക്കുന്ന കീടങ്ങളേയോ പ്രാണികളേയോ നശിപ്പിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതോ ആയ പദാർത്ഥങ്ങൾ (ആഹാര പദാർത്ഥങ്ങൾ അല്ലാത്തവ) | നിർണ്ണയിക്കപ്പെടാവുന്ന മാനകങ്ങൾ |
| 4. ക. ഹോമിയോപ്പതി ഔഷധങ്ങൾ | |
| ക. ഇൻഡ്യാ ഹോമിയോപ്പതി ഫാർമക്കോപ്പിയയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഔഷധങ്ങൾ | തൽസമയം ഇൻഡ്യാ ഹോമിയോപ്പതി ഫാർമക്കോപ്പിയാ പതിപ്പിൽ വിനിർദ്ദേശിക്കുന്ന അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകവും നിർണ്ണയിക്കപ്പെടാവുന്ന മററു മാനകങ്ങളും. |
| ഖ. ഇൻഡ്യാ ഹോമിയോപ്പതി ഫാർമക്കോപ്പിയയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലേയോ യുണൈററഡ് കിംഗ്ഡത്തിലേയോ ഹോമിയോപ്പതി ഫാർമക്കോപ്പിയയിലോ ജർമ്മൻ ഹോമിയോപ്പതി ഫാർമക്കോപ്പിയയിലോ ഉൾപ്പെടുത്തിയിട്ടുള്ളതും ആയ മരുന്നുകൾ. | തൽസമയം ഔഷധങ്ങളെപ്പററി പറയുന്ന ഫാർമക്കോപ്പിയ പതിപ്പിൽ അവക്ക് നിർണ്ണയിക്കപ്പെട്ട അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയോ മാനകങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മററു മാനകങ്ങളും. |
| ഗ. ഇൻഡ്യയിലേയോ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലേയോ യുണൈററഡ് കിംഗ്ഡത്തിലേയോ ഹോമിയോപ്പതി ഫാർമക്കോപ്പിയയിലോ ജർമ്മൻ ഹോമിയോപ്പതി ഫാർമക്കോപ്പിയയിലോ ഉൾപ്പെടുത്തിയിട്ടില്ലാത്ത മരുന്നുകൾ. | ഉൾക്കൊള്ളുന്ന പാത്രത്തിന്റെ ലേബലിൻമേൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രദർശിപ്പിച്ചിട്ടുള്ള വിധി രൂപമോ ഘടക പദാർത്ഥങ്ങളുടെ ലിസ്ററോ അതും കേന്ദ്ര ഗവൺമെൻറ് നിർണ്ണയിക്കാവുന്ന മററു മാനകങ്ങളും. |
| 5. മററു മരുന്നുകൾ :<br>(ക) ഇൻഡ്യൻ ഫാർമാകോപ്പിയായിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകൾ. | തൽസമയം പ്രാബല്യത്തിലുള്ള ഇൻഡ്യൻ ഫാർമാകോപ്പിയാ പതിപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മററു മാനകങ്ങളും. തൽസമയം പ്രാബല്യത്തിലുള്ള ഇൻഡ്യൻ ഫാർമകോപ്യയുടെ പതിപ്പിൽ മരുന്നുകളുടെ അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകം നിർദ്ദേശിച്ചിട്ടില്ലാതിരിക്കുകയും എന്നാൽ തൊട്ടുമുമ്പുള്ള ഇൻഡ്യൻ ഫാർമകോപ്യയുടെ പതിപ്പിൽ അവ വിനിർദ്ദേശിച്ചിരിക്കുകയും ചെയ്യുന്ന സംഗതിയിൽ അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകങ്ങൾ അങ്ങനെ തൊട്ടുമുമ്പുള്ള ഇൻഡ്യൻ ഫാർമാകോപ്യയുടെ പതിപ്പിൽ കൊടുത്തിട്ടുള്ള മാനകങ്ങളും നിർണ്ണയിക്കാവുന്ന മററു മാനകങ്ങളും ആയിരിക്കുന്നതാണ്. |

| മരുന്നിന്റെ വിഭാഗം | അനുസരിക്കേണ്ട മാനകം |
| --- | --- |
| (ഖ) ഇൻഡ്യൻ ഫാർമാകോപ്യയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ മറേറതെങ്കിലും രാജ്യത്തിലെ ഔദ്യോഗിക ഫാർമാകോപ്യയിൽ ഉൾപ്പെടുത്തിയതുമായ മരുന്നുകൾ. | തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും രാജ്യത്തിലെ അങ്ങനെയുള്ള ഔദ്യോഗിക ഫാർമാകോപ്യയിലെ പതിപ്പിൽ മരുന്നുകൾക്ക് വിനിർദ്ദേശിച്ചിട്ടുള്ള അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകങ്ങളും നിർണ്ണയിക്കാവുന്ന മററു മാനകങ്ങളും. <br><br> തൽസമയം പ്രാബല്യത്തിലുള്ള അങ്ങനെയുള്ള ഔദ്യോഗിക ഫാർമാകോപ്യയുടെ പതിപ്പിൽ അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകം വിനിർദ്ദേശിച്ചിട്ടില്ലാതിരിക്കുകയും എന്നാൽ തൊട്ടുമുമ്പുള്ള പതിപ്പിൽ അവ വിനിർദ്ദേശിച്ചിരിക്കുകയും ചെയ്യുന്ന സംഗതിയിൽ അനന്യതയുടേയും പരിശുദ്ധിയുടേയും വീര്യത്തിന്റേയും മാനകങ്ങൾ അങ്ങനെ തൊട്ടുമുമ്പുള്ള ഔദ്യോഗീക ഫാർമകോപ്യയുടെ പതിപ്പിൽ കൊടുത്തിട്ടുള്ള മാനകങ്ങളും നിർണ്ണയിക്കാവുന്ന മററു മാനകങ്ങളും ആയിരിക്കുന്നതാണ്. |